# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കട്ടപ്പന മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/693/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 14/06/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കട്ടപ്പന മുനിസിപ്പാലിറ്റി

സർ,

വിഷയം : കട്ടപ്പന മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടപ്പന മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസിൽ)
2.ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം
3.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊച്ചി
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/693/22 തീയ്യതി: 14/06/2022

## ഇടുക്കി ജില്ലയിലെ കട്ടപ്പന മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കട്ടപ്പന മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-10-2021 മുതൽ 11-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എം. വി. സിനി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-05-2022 | 21-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-05-2022 | 21-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എം.കെ.മധുസൂദനൻ നായർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.വി.ജി.സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.കെ.അഭിലാഷ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ആർ.സാമുവൽരാജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.പി.കെ.വിഷ്ണു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഡെന്നിസ് ജോസഫ് , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ജോയി വെട്ടിക്കുഴി | ചെയർമാൻ | 01-04-2020 | 23-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 24-11-2020 | 27-12-2020 |
| ശ്രീമതി ബീന ജോബി | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |
| ശ്രീ മാമ്പള്ളി സന്തോഷ് കുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബോൻസി ജോസഫ് | കൃഷി ഓഫീസർ | 01-04-2020 | 14-09-2020 |
| ശ്രീമതി ടിന്റുമോൾ ജോസഫ് | കൃഷി ഓഫീസർ | 15-09-2020 | 31-12-2020 |
| ശ്രീ എം.ജെ അനുരൂപ് | കൃഷി ഓഫീസർ | 01-01-2021 | 31-03-2021 |
| ശ്രീ ലിജിൻ രാജീവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ കെ.ബി ശ്രീകാന്ത് | സൂപ്രണ്ട്, ഗവ താലൂക്ക് ആശുപത്രി | 01-04-2020 | 31-03-2021 |
| ഡോ. പി. ഗ്രേസി | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. പി.വി ഗീതമ്മ | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി വി. ശ്രീനന്ദിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 11-05-2020 |
| ശ്രീമതി കെ.കെ രാധാമണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-05-2020 | 31-03-2021 |
| ഡോ. ജിനേഷ് ജെ. മേനോൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 11-11-2020 |
| ഡോ. ജിമി എം. ജിയോ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 12-11-2020 | 31-03-2021 |
| ശ്രീമതി സി. എ. ജാസ്മിൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.K.Abhilash (Asst. Audit Officer, On 18-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-1 |
| 2 | ബജറ്റ് ഫയൽ പരിപാലിച്ചിട്ടില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 18-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: M.K.Abhilash (Asst. Audit Officer, On 17-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-2 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M.K.Abhilash (Asst. Audit Officer, On 17-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-3 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 17-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-3-1 |
| 6 | പദ്ധതി അവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 16-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-4 |
| 7 | സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കിയില്ല - നഗരസഭയ്ക്ക് നഷ്ടമായത് ഒരു കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങൾ<br>Written By: M.K.Abhilash (Asst. Audit Officer, On 17-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-4-1 |
| 8 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: M.K.Abhilash (Asst. Audit Officer, On 17-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-5 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: M.K.Abhilash (Asst. Audit Officer, On 17-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-6 |
| 10 | ക്യാഷ് പരിശോധന<br>Written By: M.K.Abhilash (Asst. Audit Officer, On 17-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-7 |
| 11 | ആഭ്യന്തര നിയന്ത്രണം.<br>Written By: M.K.Abhilash (Asst. Audit Officer, On 17-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-8 |
| 12 | വാർഷിക കണക്കുകളുടെ അപാകത<br>Written By: M.K.Abhilash (Asst. Audit Officer, On 18-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-9-1 |
| 13 | രേഖകളുടെ പിൻബലമില്ലാതെ നാലര ലക്ഷത്തിലധികം രൂപയുടെ ഡിമാന്റ് ഒഴിവാക്കി<br>Written By: M.K.Abhilash (Asst. Audit Officer, On 18-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-9-2 |
| 14 | ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ, ബി-16 ഷെഡ്യൂൾ എന്നിവ പൊരുത്തപ്പെടുന്നില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 18-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-9-3 |
| 15 | വസ്തുനികുതി, വാർഷിക കണക്ക്, സഞ്ചയ തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 18-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-9-4 |
| 16 | പൊതു ഉദ്ദേശ്യ ഫണ്ടുകളുടെ നീക്കിയിരിപ്പ് B-4 ഷെഡ്യൂളിൽ രേഖപ്പെടുത്തുന്നില്ല. | 1-9-5 |

| | | |
|---|---|---|
| | Written By: M.K.Abhilash (Asst. Audit Officer, On 18-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | |
| 17 | തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നു<br>Written By: M.K.Abhilash (Asst. Audit Officer, On 18-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-9-6 |
| 18 | ദുരിതാശ്വാസ നിധി- രണ്ട് അക്കൗണ്ടുകൾ പരിപാലിക്കുന്നു.<br>Written By: M.K.Abhilash (Asst. Audit Officer, On 19-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-9-7 |
| 19 | പാർട്ട് ബിൽ പെയ്മെന്റ് വാർഷിക ധനവിവര പത്രികയിൽ പ്രതിഫലിക്കുന്നില്ല.<br>Written By: M.K.Abhilash (Asst. Audit Officer, On 19-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-9-8 |
| 20 | റീകൺസിലിയേഷൻ പരിശോധന<br>Written By: M.K.Abhilash (Asst. Audit Officer, On 19-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-9-9 |
| 21 | ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല.<br>Written By: M.K.Abhilash (Asst. Audit Officer, On 19-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-9-10 |
| 22 | നഗരസഭ വാണിജ്യാവശ്യം എന്ന ഗണത്തിൽ നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ലൈസൻസ് അപേക്ഷകരില്ല<br>Written By: VISHNU.P.K (Senior Grade Auditor, On 20-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-10 |
| 23 | FACTEOS ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: VISHNU.P.K (Senior Grade Auditor, On 20-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-11 |
| 24 | നഗരസഭയുടെ വിവിധ റവന്യു വരവിനങ്ങളിൽ വൻകുടിശ്ശിക<br>Written By: VISHNU.P.K (Senior Grade Auditor, On 20-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-12 |
| 25 | ഇ-ടെൻഡർ ഫോം വില തനതു ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 21-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-13 |
| 26 | തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ<br>Written By: DENNIS JOSEPH (Auditor, On 22-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-14 |
| 27 | ഓഡിറ്റ് ഇംപാക്ട്- ക്യാൻസൽ ചെയ്തിട്ടുള്ള സാംഖ്യ രസീതുകൾ സഞ്ചയയിൽ വസ്തു നികുതി കളക്ഷനായി പോസ്റ്റ് ചെയ്തതത് ഒഴിവാക്കി.<br>Written By: DENNIS JOSEPH (Auditor, On 18-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-15 |
| 28 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ -വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം<br>Written By: Benny Mathew (Auditor, On 21-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-16 |
| 29 | തനത് ഫണ്ട് ചെലവ്- ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Benny Mathew (Auditor, On 21-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-17 |
| 30 | വസ്തുനികുതി നിർണയ ഫയലുകളും പെർമിറ്റ്, കംപ്ലീഷൻ പ്ലാൻ അടക്കമുള്ള അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Benny Mathew (Auditor, On 21-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 1-18 |
| 31 | കൂമ്പളന്താനംപടി-കരിമ്പാനിപ്പടി ചപ്പാത്ത്പ്പടി റോഡ് ടാറിംഗ്-വാർഡ് 24- അപാകതകൾ<br>Written By: R.Samuelraj (Senior Grade Auditor, On 23-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-19 |
| 32 | ലേലതുകകൾ പൂർണ്ണമായും പിരിച്ചെടുക്കാത്തത്<br>Written By: Joseph Chacko (Asst. Audit Officer, On 18-05-2022) | 1-20 |

| | | |
|---|---|---|
| | Last Updated By: Shyni M.R (Computer Assistant, On 14-06-2022) | |
| 33 | കുഴൽ കിണർ - സർവേ റിപ്പോർട്ട് ലഭ്യമല്ല - ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Joseph Chacko (Asst. Audit Officer, On 23-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-21 |
| 34 | ബാങ്ക് ചെക്കുകളുടെ വിവരങ്ങൾ ലഭ്യാക്കാത്തത്.<br>Written By: Joseph Chacko (Asst. Audit Officer, On 25-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-22 |
| 35 | തനതു ഫണ്ടിന്റെ അശാസ്ത്രീയ വകയിരുത്തൽ-പ്രോജക്ടുകൾ പാതിവഴിയിൽ ഉപേക്ഷിക്കേണ്ട ദുരവസ്ഥ<br>Written By: V G Sajimon (Audit Officer, On 21-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-23 |
| 36 | കേരള സ്റ്റേറ്റ് ഐറ്റി മിഷന് തുക കൈമാറിയെങ്കിലും കമ്പ്യൂട്ടർ പ്രിന്റർ,ലാപ്ടോപ്പ് എന്നിവ ഇതുവരെ ലഭ്യമായില്ല<br>Written By: Benny Mathew (Auditor, On 22-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-24 |
| 37 | കൊച്ചുതോവാള എസ്.സി കോളനി ഓട നിർമ്മാണം അധികം തുക നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 23-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-25 |
| 38 | ജൈവവള വിതരണം അനുവദനീയമല്ലാത്ത ഇനത്തിന് ജി.എസ്.ടി അനുവദിച്ചു നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 23-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ജൈവവള വിതരണം അനുവദനീയമല്ലാത്ത ഇനത്തിന് ജി.എസ്.ടി അനുവദിച്ചു നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 23-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 3-1 |
| 2 | കൊച്ചുതോവാള എസ്.സി കോളനി ഓട നിർമ്മാണം അധികം തുക നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 23-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.K.Abhilash (Asst. Audit Officer, On 16-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.K.Abhilash (Asst. Audit Officer, On 16-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.K.Abhilash (Asst. Audit Officer, On 16-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.K.Abhilash (Asst. Audit Officer, On 16-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: M.K.Abhilash (Asst. Audit Officer, On 17-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: M.K.Abhilash (Asst. Audit Officer, On 17-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.K.Abhilash (Asst. Audit Officer, On 17-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.K.Abhilash (Asst. Audit Officer, On 16-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-06-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: M.K.Abhilash (Asst. Audit Officer, On 16-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 16-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 16-05-2022)<br>Last Updated By: Shyni M.R (Computer Assistant, On 14-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

11.03.2020 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി അവതരിപ്പിച്ച തൻ വർഷത്തെ ബജറ്റ് നഗരസഭാ കൗൺസിലിൽ 19.03.2020 ൽ ചർച്ച ചെയ്ത് ₹5192240 മുന്നിരിപ്പും ₹1091877864/- വരവും ₹1084780452/- ചെലവും ₹12289652/- മിച്ചവും വരുന്ന ബജറ്റ് ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകാരം നേടി. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 285 മുതൽ 293 വരെയുള്ള വകുപ്പുകളിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളത്.

### 1-1-1 ബജറ്റ് ഫയൽ പരിപാലിച്ചിട്ടില്ല

സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി സെക്രട്ടറി ഓരോ വർഷവും ജനവരി 15-ാം തിയതിക്കോ അതിനു മുൻപോ, അടുത്ത വർഷത്തെ വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക്, തന്റെ നിർദ്ദേശങ്ങളുൾപ്പെടെ സമർപ്പിക്കേണ്ടതാണെന്ന് 1996 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 285 ൽ നിഷ്കർഷിച്ചിട്ടുണ്ട്. സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥരും നൽകുന്ന നിർദേശങ്ങൾ പാലിച്ചുകൊണ്ട് എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതും പ്രസ്തുത നിർദ്ദേശങ്ങളുടെയും ആക്റ്റിലെ എല്ലാ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതാണെന്ന് വകുപ്പ് 286 ലും നിഷ്കർഷിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റ് എസ്റ്റിമേറ്റ് അതിന്റെ ചെയർപേഴ്സൺ മാർച്ച് ആദ്യ വാരത്തിനു മുമ്പായി അംഗീകാരത്തിനായി പ്രത്യേക കൗൺസിൽ യോഗത്തിനു മുമ്പാകെ വയ്ക്കേണ്ടതും കൗൺസിൽ ബജറ്റ് പരിശോധിച്ച് യുക്തമായ മാറ്റങ്ങൾ വരുത്തി അടുത്ത സാമ്പത്തിക വർഷാരംഭത്തിനു മുമ്പായി പാസാക്കേണ്ടതാണെന്ന് വകുപ്പ് 287, 288, 289 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 11.03.2020 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. നഗരസഭാ കൗൺസിലും ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റ് തയ്യാറാക്കിയതിന് ആധാരമാക്കിയ ഫയൽ സൂക്ഷിച്ചിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 25.06.2021 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | | മുന്നിരിപ്പ് ₹ | വരവ്₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതുവിഭാഗം | 0 | 36847656 | 36847656 | 36847656 | 0 |
| | എസ്.സി.പി | 0 | 10373000 | 10373000 | 9335605 | 1037395 |
| | ടി.എസ്.പി | 0 | 1707000 | 1707000 | 1397562 | 309438 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഉപാധി | 0 | 7210000 | 7210000 | 2324748 | 4885252 |
| | ഉപാധി രഹിതം | 0 | 17824673 | 17824673 | 14216360 | 3608313 |
| സംരക്ഷണ ഗ്രാന്റ്- | റോഡ് | 0 | 16891000 | 16891000 | 16890700 | 300 |
| | റോഡിതരം | 0 | 7767000 | 7767000 | 5900700 | 1866300 |
| എൻ.യു.എൽ.എം | | 12724718 | 1974561 | 14699279 | 3061216 | 11638063 |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വ മിഷൻ | | 5676852 | 204346 | 5881198 | 174300 | 5706898 |
| റവന്യൂ | വെള്ളപ്പൊക്ക ദുരിതാശ്വാസം | 1288903 | 7004162 | 8293065 | 8293065 | 0 |
| | ഇലക്ഷൻ ഗ്രാന്റ് | 0 | 1125000 | 1125000 | 1125000 | 0 |
| ഐ.സി.ഡി.എസ് | | 41216 | 1658432 | 1699648 | 1463707 | 235941 |
| ആർദ്രകേരളം പുരസ്കാരം | | 1000000 | 0 | 1000000 | 1000000 | 0 |
| പി.എം.എ.വൈ | | 6367417 | 19902562 | 26269979 | 19653000 | 6616979 |
| ആശ്രയ | ജനറൽ | 0 | 338946 | 338946 | 338946 | 0 |
| | എസ്.ടി | 198467 | 0 | 198467 | 198467 | 0 |
| ഹരിത കർമ്മസേന | | 0 | 18766 | 18766 | 18766 | 0 |
| പകർച്ചവ്യാധി നിയന്ത്രണം | | 0 | 4000000 | 4000000 | 3550000 | 450000 |
| ക്ലീൻ കേരള | | 0 | 1058000 | 1058000 | 1058000 | 0 |
| ചെയർമാൻ ദുരിതാശ്വാസ നിധി | | 173206 | 7717 | 180923 | 5000 | 175923 |
| എം.പി/ എം.എൽ.എ ഫണ്ട് | | 0 | 1440358 | 1440358 | 1440358 | 0 |

### 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

**1. സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല**

വികസന ഫണ്ട് ഇനത്തിലെ പൊതു വിഭാഗം ഇനത്തിൽ ലഭിച്ച രണ്ട് ഗഡു തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| സർക്കാർ ഉത്തരവ് നം.& തീയതി | തുക ₹ |
|---|---|
| സ.ഉ. (സാധാ) 43/21/ധനം തീ: 01.01.2021 | 9922000 |
| സ.ഉ. (സാധാ) 4461/2020/ധനം തീ: 03.08.2020 | 5666450 |

**2. സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല**

എ) വികസന ഫണ്ട് -പൊതുവിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 2657/2020/ധനം തീ: 01.04.2020 | 9451700 | ₹613200 (അംഗനവാടി ജീവനക്കാരുടെ വേതനം) | 8750900 |

ബി) വികസന ഫണ്ട് – എസ്.സി.പി

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ. (സാധാ) 43/21/ധനം തീ: 01.01.2021 | 3457700 | ₹120000/- | 3337700 |

| | | | | |
|---|---|---|---|---|
| | | | ലൈഫ് | |
| 2 | സ.ഉ. (സാധാ) 4461/2020/ധനം തീ: 03.08.2020 | 1728750 | ₹120000/- ലൈഫ് | 1608750 |

സി) വികസന ഫണ്ട് – റ്റി.എസ്.പി

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ. (സാധാ) 43/21/ധനം തീ: 01.01.2021 | 569000 | ₹33334/- ലൈഫ് | 535666 |
| 2 | സ.ഉ. (സാധാ) 4461/2020/ധനം തീ: 03.08.2020 | 284500 | ₹33333/- ലൈഫ് | 251167 |

ഡി) സംരക്ഷണ ഗ്രാന്റ്-റോഡിതരം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ. (സാധാ) 12/2020/ധനം തീ: 01.01.2021 | 2589000 | ₹1453150/- ലൈഫ് | 1135850 |
| 2 | സ.ഉ. (സാധാ) 4444/2020/ധനം തീ: 01.04.2020 | 2589000 | ₹78558/- വോട്ടിംഗ് മെഷീൻ | 2510442 |

3. സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ തുകയും വികസന ഫണ്ട് പൊതുവിഭാഗം രണ്ട് ഗഡു തുകയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്താത്തതിനാൽ ലാപ്സായി പോയ തുകയുടെ വിവരം കൃത്യമായി പ്രതിഫലിക്കുന്നില്ല.

| ഫണ്ടിനം | വരവ് ₹ | | ലാപ്സായി പോയ തുക ₹ | |
|---|---|---|---|---|
| | യഥാർത്ഥം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥം |
| വികസന ഫണ്ട് പൊതു വിഭാഗം | 36847656 | 20558406 | (-)16289250 | 0 |
| വികസന ഫണ്ട് പട്ടിക ജാതി വിഭാഗം | 10373000 | 10133000 | 797395 | 1037395 |
| വികസന ഫണ്ട് പട്ടിക വർഗ്ഗ വിഭാഗം | 1707000 | 1640333 | 242771 | 488252 |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 7767000 | 6235292 | 334592 | 1866300 |

4. വരവിൽ ഉൾപ്പെടുത്തിയിട്ടില്ല

തൻ വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-4 പദ്ധതി അവലോകനം

പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 332 | 286999837 | 151 | 89628411 | 21 | 160 | 51.8 |

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 54455030 | 36847656 | 67.67 |
| | പട്ടിക ജാതി വിഭാഗം | 13925300 | 9335605 | 67.04 |
| | പട്ടിക വർഗ്ഗ വിഭാഗം | 1920507 | 1397562 | 72.77 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 20338644 | 16541108 | 81.33 |
| പ്രത്യേക ഗ്രാന്റ് | | 1370000 | 0 | 0.00 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 23300000 | 0 | 0.00 |
| തനത് ഫണ്ട് | | 128577282 | 2702725 | 2.10 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 24726000 | 16890900 | 68.31 |
| | റോഡിതരം | 9436600 | 5900700 | 62.53 |
| മറ്റിനം | | 8950474 | 12155 | 0.14 |
| ആകെ | | 286999837 | 89628411 | 31.23 |

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8074430 | 6 | 2968871 | 36.77 |
| വെറ്ററിനറി സർജൻ | 5 | 4380577 | 3 | 798650 | 18.23 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 6 | 5031851 | 4 | 2461160 | 48.91 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 300000 | 1 | 300000 | 100.00 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 3 | 1025000 | 3 | 1025000 | 100.00 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 7000000 | 3 | 5977957 | 85.40 |
| സെക്രട്ടറി | 69 | 69294281 | 39 | 27145371 | 39.17 |
| മുൻസിപ്പൽ എൻജിനീയർ | 235 | 189893698 | 112 | 48160934 | 25.36 |
| ഡയറി ഫാം ഇൻസ്പക്ടർ | 1 | 2000000 | 1 | 790468 | 39.52 |
| ആകെ | 332 | 286999837 | 172 | 89628411 | 31.23 |

3. വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം.

| ഫണ്ട് | മേഖല | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| പൊതു വിഭാഗം | ഉത്പാദനം | 16 | 15080007 | 4711158 | 31.24 |
| | സേവനം | 123 | 125357613 | 34226688 | 27.30 |
| | പശ്ചാത്തലം | 147 | 121393545 | 37016672 | 30.49 |
| പട്ടിക ജാതി വിഭാഗം | സേവനം | 16 | 13959977 | 7680526 | 55.02 |
| | പശ്ചാത്തലം | 16 | 7938088 | 4491347 | 56.58 |
| പട്ടിക വർഗ്ഗ വിഭാഗം | സേവനം | 12 | 2265767 | 1133125 | 50.01 |
| | പശ്ചാത്തലം | 2 | 1004840 | 368895 | 36.71 |
| | ആകെ | 332 | 286999837 | 89628411 | 31.23 |

4. പ്രത്യേക ഘടക പദ്ധതികൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം.

| ഘടകം | പ്രോജക്ടിന്റെ എണ്ണം | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വനിതാ ഘടകം | 7 | 4 | 14605586 | 774200 | 5.30 |
| കുട്ടികൾ | 3 | 2 | 4460000 | 3108055 | 69.68 |
| വൃദ്ധർ | 2 | 2 | 2500000 | 1169700 | 46.78 |
| ഭിന്നശേഷിക്കാർ | 1 | 1 | 2000000 | 1196400 | 59.82 |
| മറ്റ് ദുർബല വിഭാഗം | 1 | 0 | 300000 | 0 | 0.00 |
| ആകെ | 14 | 09 | 23865586 | 3448355 | 14.44 |

1-4-1 സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കിയില്ല - നഗരസഭയ്ക്ക് നഷ്ടമായത് ഒരു കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങൾ

സമയബന്ധിതമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ സാധിക്കാത്തതിനാൽ നഗരസഭയ്ക്ക് സർക്കാർ ഗ്രാന്റിനത്തിൽ ₹11885812/- ലാപ്സായി. പുതുതായി രൂപീകരിച്ച നഗരസഭയെന്നിരിക്കെ ലഭിക്കുന്ന പദ്ധതി വിഹിതം ഉപയോഗിക്കാതെ പാഴാക്കി കളയുന്നത് നഗരസഭയുടെ സത്വര വികസന പരിപാടികൾക്ക് വിലങ്ങുതടിയായി മാറുന്നു. അടിസ്ഥാന തലങ്ങളിലുള്ള വികസനങ്ങൾക്ക് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന കേന്ദ്ര സംസ്ഥാന ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്താതിരിക്കുന്നത് വരും വർഷങ്ങളിൽ ഫണ്ട് ലഭ്യത കുറയുന്നതിന് സാഹചര്യമൊരുക്കും. ലഭ്യമാകുന്ന ധനസഹായങ്ങൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ/മോണിട്ടറിംഗ് സമിതികളുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

തൻവർഷം ലാപ്സായ ഫണ്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | | വരവ് ₹ | ചെലവ് ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|
| വികസനഫണ്ട് | പട്ടിക ജാതി വിഭാഗം | 10373000 | 9335605 | 1037395 |
| | പട്ടിക വർഗ്ഗ വിഭാഗം | 1707000 | 1218748 | 488252 |
| ധനകാര്യകമ്മീഷൻ | ഉപാധി ഗ്രാന്റ് | 7210000 | 2324748 | 4885252 |
| | ഉപാധി രഹിത ഗ്രാന്റ് | 17824673 | 14216360 | 3608313 |
| മെയിന്റനൻസ് ഗ്രാന്റ്- | റോഡ് | 16891000 | 16890700 | 300 |
| | റോഡിതരം | 7767000 | 5900700 | 1866300 |
| | ആകെ | | | 11885812 |

## 1-5 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| 332487.53 | 15064714.00 | 15397201.53 | 10149516.00 | 5247685.53 |

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10800 | 12 |
| കർഷക തൊഴിലാളി പെൻഷൻ | 2460200 | 502 |
| വിധവാപെൻഷൻ | 17657200 | 3424 |
| വാർദ്ധക്യകാല പെൻഷൻ | 47691700 | 417 |
| വികലാംഗ പെൻഷൻ | 5433700 | 1123 |
| അവിവാഹിത പെൻഷൻ | 195100 | 35 |
| വിവാഹ ധനസഹായം | 90000 | 3 |

ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ, അപേക്ഷകൾ വേരിഫിക്കേഷനു വേണ്ടി കൃഷി ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് നൽകുന്നതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അപേക്ഷകൾ മേൽ വ്യക്തമാക്കിയ ഉദ്യോഗസ്ഥർ ഒന്നിച്ച് കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അപേക്ഷകൾ സമയബന്ധിതമായി വേരിഫിക്കേഷനുവേണ്ടി നൽകിയോ, സമയബന്ധിതമായി വേരിഫിക്കേഷൻ നടത്തി തിരികെ നൽകിയോ എന്നിവ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ക്ഷേമപെൻഷനുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

### 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.05.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹77874/- (എഴുപത്തിയേഴായിരത്തി എണ്ണൂറ്റി എഴുപത്തി നാല് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-8 ആഭ്യന്തര നിയന്ത്രണം.

കട്ടപ്പന നഗരസഭയുടെ വിവിധ മേഖലയിലെ പ്രവർത്തനങ്ങളുടെ വിലയിരുത്തലിൽ നിന്നും രേഖകൾ പരിശോധിച്ചതിൽ നിന്നും ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നാണ് വ്യക്തമാകുന്നത്. നഗരസഭയുടെ വരവ് ചെലവ് കണക്ക്, രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. വസ്തു നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, അസ്സസ്മെന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് കിട്ടാനുള്ള വസ്തു നികുതി, കുടിശ്ശിക വസ്തു നികുതി എന്നിവയുടെ കണക്കുകൾക്ക് വ്യക്തതയില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ നഗരസഭാ പരിധിയിലെ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ അവർ കൈകാര്യം ചെയ്ത ഫയലുകളും രേഖകളും രജിസ്റ്ററുകളും ഉത്തരവാദപ്പെട്ടവർക്ക് കൈമാറ്റം ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നില്ല.

ധനപരമായ ഇടപാടുകൾ രേഖപ്പെടുത്തുന്ന അടിസ്ഥാന രേഖയായ വൗച്ചറുകളിൽ പലതിലും നഗരസഭ ചെയർമാൻ ഒപ്പു വെച്ച് അധികൃതമാക്കിയിട്ടില്ല. ശരിയായ രീതിയിൽ വൗച്ചറുകൾ തയ്യാറാക്കി കൗൺസിൽ ചെയർമാൻ ഒപ്പുവെച്ച് ആധികാരികമാക്കാതെ ഒരു ചെലവും നടക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതും, കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 22A(iv) പ്രകാരം അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യേണ്ടതും തൊട്ട് മുൻപുള്ള മാസത്തെ വരവ് ചെലവുകളുടെ സംക്ഷിപ്തം പരിശോധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം വരവു വന്ന തുകകൾ യഥാസമയം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നില്ല. പർച്ചേസുകളുമായി ബന്ധപ്പെട്ട പേയ്മെന്റുകൾ നടത്തുന്നതിനു മുൻപ് ശരിയായ രീതിയിൽ എഗ്രിമെന്റ് വെച്ചിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തുന്നില്ല. ആസ്തി രജിസ്റ്ററുകൾ കാലികമാക്കുന്നില്ല. പല ആസ്തികളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ അഡ്വക്കേറ്റ് ഫീസിനത്തിൽ നൽകുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ധനപരമായ ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

### 1-9-1 വാർഷിക കണക്കുകളുടെ അപാകത

1.അസറ്റ് ഇല്ലാത്ത താഴെ പരാമർശിക്കുന്ന ഇനങ്ങളിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | ഹെഡ് | ഡിപ്രിസിയേഷൻ ₹ |
|---|---|---|

| | | |
|---|---|---|
| 1 | 411310100 Sewerage & Drainage | 26931452 |
| 2 | 411320100 Waterways | 6757453 |

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3) വസ്തു നികുതി കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.
4) ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

### 1-9-2 രേഖകളുടെ പിൻബലമില്ലാതെ നാലര ലക്ഷത്തിലധികം രൂപയുടെ ഡിമാന്റ് ഒഴിവാക്കി

തൻവർഷം രേഖകളുടെ പിൻബലമില്ലാതെ നാലര ലക്ഷത്തിലധികം രൂപയുടെ ഡിമാന്റ് ഒഴിവാക്കി. വിശദാംശം താഴെ പരാമർശിക്കുന്നു.

| കോഡ് | ഇനം | തുക ₹ |
|---|---|---|
| 280200299 | Prior Period Income- Other Rents | 96080 |
| 280209900 | Prior Period Income- Other Income | 356860 |
| 280800700 | Prior Period - Other Expences | 66 |
| | ആകെ | 453006 |

ഇത്തരത്തിൽ ഡിമാന്റിൽ നിന്നും രേഖകളുടെ പിൻബലമില്ലാതെ ₹453006/-യുടെ ഡിമാന്റ് ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-9-3 ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ, ബി-16 ഷെഡ്യൂൾ എന്നിവ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് ₹16,40,22,839/-ആയിരിക്കെ ബി-16 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് ₹15,29,03,418/- ആണ്. പ്രസ്തുത വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-9-4 വസ്തുനികുതി, വാർഷിക കണക്ക്, സഞ്ചയ തുകകൾ പൊരുത്തപ്പെടുന്നില്ല

സാംഖ്യ-സഞ്ചയ കണക്കുകൾ താഴെ പരാമർശിക്കും പ്രകാരം വ്യത്യാസപ്പെടുന്നു.

| | സാംഖ്യ | | | സഞ്ചയ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
| മുൻവർഷം | 8023037 | 6559343 | 1563313 | 19638422 | 7597084 | 12103866 |
| തൻവർഷം | 23398486 | 17511489 | 6177838 | 28221499 | 20367217 | 7905068 |

ഇത്തരത്തിൽ വ്യതിയാനം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-9-5 പൊതു ഉദ്ദേശ ഫണ്ടുകളുടെ നീക്കിയിരിപ്പ് B-4 ഷെഡ്യൂളിൽ രേഖപ്പെടുത്തുന്നില്ല.

നഗരസഭയ്ക്ക് പ്രത്യേക ഉദ്ദേശ്യങ്ങൾക്ക് ലഭിച്ച ചില ഫണ്ടിന്റെ നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നില്ല. വിശദവിവരം താഴെ നൽകുന്നു.

| ഫണ്ടിനം | നീക്കിയിരിപ്പ് തുക ₹ |
|---|---|

| | RP 40 (B) |
|---|---|
| പൈക ഗ്രാന്റ് | 67291 |
| സാക്ഷരത | 32600 |
| പേപ്പർ ബാഗ് യൂണിറ്റ് | 10085 |

പ്രസ്തുത തുകകൾ നഗരസഭയുടെ നീക്കിയിരിപ്പായിട്ടാണ് വാർഷിക ധനവിവര പത്രികയിൽ സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത തുക നഗരസഭയുടെ ബാധ്യത ആയതിനാൽ ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-9-6 തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നു

നഗരസഭയിലെ തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നുണ്ട്.

വിശദാംശം താഴെ നൽകുന്നു.

| ക്രമ നം. | ബാങ്ക് | 31.03.2021-ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | എസ്.ബി.ഐ 67194190240 | 658659 |
| 2 | എസ്.ബി.ഐ 32794918609 | 528439 |
| 3 | യു.ബി.ഐ 352802010037248 | 29185261 |
| 4 | എസ്.ഐ.ബി 0603053000010151 | 57256 |
| 5 | എച്ച്.ഡി.എഫ്.സി.ഐ-52802010037248 | 11156674 |
| 6 | സർവ്വീസ് സഹകരണ ബാങ്ക് – 120191201200001 | 703192 |
| 7 | സർവ്വീസ് സഹകരണ ബാങ്ക് – 123000008725 | 18190 |
| 8 | സർവ്വീസ് സഹകരണ ബാങ്ക് – 123000010026 | 9745472 |

തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം3/2008 നമ്പരായുള്ള സർക്കുലറിലെ നിർദ്ദേശാനുസരണം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം തനത് ഫണ്ട് നിക്ഷേപിക്കേണ്ടതാണ്.

1-9-7 ദുരിതാശ്വാസ നിധി- രണ്ട് അക്കൗണ്ടുകൾ പരിപാലിക്കുന്നു.

നഗരസഭയുടെ ദുരിതാശ്വാസനിധി സൂക്ഷിക്കുന്നതിന് രണ്ട് അക്കൗണ്ടുകൾ പരിപാലിക്കുന്നു. വിശദാംശം താഴെ പരാമർശിക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ | 31.03.2021 ലെ നീക്കിയിരിപ്പ് ₹ |
|---|---|---|
| എസ്.സി.ബി കട്ടപ്പന | 0123000008203 | 10808 |
| എസ്.സി.ബി കട്ടപ്പന | 4647 | 165115 |

ഒരേയിനം ഫണ്ട് സൂക്ഷിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നത് അഭികാമ്യമല്ല. ഒരു അക്കൗണ്ടിൽ തുക നിക്ഷേപിച്ച് പരിപാലിക്കേണ്ടതാണ്.

1-9-8 പാർട്ട് ബിൽ പെയ്മെന്റ് വാർഷിക ധനവിവര പത്രികയിൽ പ്രതിഫലിക്കുന്നില്ല.

അസി. എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം തൻവർഷം വിവിധ പദ്ധതികൾക്കായി ₹35501532/- പാർട്ട് ബിൽ പെയ്മെന്റായി നൽകിയിട്ടുണ്ട്. ഈ തുക ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് എന്നയിനത്തിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രസ്തുത തുക വാർഷിക ധനവിവര പത്രികയിൽ പ്രതിഫലിപ്പിച്ചിട്ടില്ല.

1-9-9 റീകൺസിലിയേഷൻ പരിശോധന

താഴെ പരാമർശിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.2021-ലെ നീക്കിയിരിപ്പ് കാണിക്കുന്ന പാസ്സ് ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനയക്ക് ഹാജരാക്കാത്തതിനാൽ റീകൺസിലിയേഷൻ കൃത്യത വ്യക്തമാക്കാൻ സാധിച്ചില്ല.

| ഫണ്ട്/ബാങ്ക് | ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹ |
|---|---|
| SBT-KURDFC Loan 67022698569 | 73922 |
| SBT-Letter Of Credit | 29185261 |
| SBI-EPF Account | 0 |
| SIB Proffessional Tax Online | 57256 |
| HDFC Bank Online | 11156674 |
| ICICI PMAY | 157520 |
| HDFC-PMAY | 6464176 |
| HDFC-NULM | 0 |
| LGTSB-799013000000566 | 1000000 |
| COVID CFLTC- STSB | 0 |
| UBI-Ayyankali | 5247685 |
| SCB-Literacy-0123000004574 | 32600 |
| IDCB-Jawahar | 0 |
| MF/MCF TSP | 450000 |

പാസ്സ് ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനയക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം. 13/19.05.2022) നൽകിയെങ്കിലും മറുപടിയോ പാസ്സ് ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

1-9-10 ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

വിവിധയിനം ഡെപ്പോസിറ്റ് തുകകളുടെ ബാധ്യതയായി ₹4,53,00,286/- ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നഗരസഭയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയതിനാൽ പ്രസ്തുത തുകയിൽ കാലഹരണപ്പെട്ട തുകയുണ്ടോ എന്ന് പരിശോധിക്കുവാൻ സാധ്യമല്ല. വർഷം തിരിച്ചുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നതിന് നഗരസഭാധികൃതർ ജാഗ്രത പുലർത്തേണ്ടതാണ്.

1-10 നഗരസഭ വാണിജ്യാവശ്യം എന്ന ഗണത്തിൽ നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ലൈസൻസ് അപേക്ഷകരില്ല

നഗരസഭയിലെ വിവിധ വാണിജ്യ/വ്യവസായ/ സമാന ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടങ്ങളുടെ തരം | ഓരോ തരത്തിലും നഗരസഭയിൽ നമ്പർ അനുവദിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം (18.05.2022 ലെ സഞ്ചയ | നഗരസഭ ലൈസൻസ് അനുവദിച്ച ആകെ സ്ഥാപനങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| | | പ്രകാരം) | (ട്രേഡേഴ്സ് ലൈസൻസ് രജിസ്റ്റർ പ്രകാരം) |
| 1 | വാണിജ്യാവശ്യത്തിനുള്ളവ (100 ച.മീ.താഴെ) | 3341 | 1698 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ (100 ച.മീ. മുകളിൽ) | 1130 | |
| 3 | വാണിജ്യാവശ്യത്തിനുള്ളവ (200 ച.മീ.താഴെ, മാൾ , സൂപ്പർ മാർക്കറ്റ്) | 2 | |
| 4 | വാണിജ്യാവശ്യത്തിനുള്ളവ (200 ച.മീ.മുകളിലുള്ള മാൾ , സൂപ്പർ മാർക്കറ്റ്) | 16 | |
| 5 | വാണിജ്യാവശ്യത്തിനുള്ളവ (ബങ്ക്, കമ്പ്യൂട്ടർ സെന്റർ...) | 3 | |
| 6 | ഓഫീസ് കെട്ടിടം | 137 | |
| 7 | വിദ്യാഭ്യാസ ആവശ്യം | 44 | |
| 8 | ആശുപത്രി ആവശ്യം | 23 | |
| 9 | അസംബ്ലി, ആഡിറ്റോറിയം, സിനിമാ തീയേറ്റർ... | 164 | |
| 10 | കൈത്തറി, കയർപിരി ഷെഡ്... | 40 | |
| 11 | ഇതരവ്യവസായം | 206 | |
| 12 | റിസോർട്ട് | 2 | |
| ആകെ | | 5108 | 1698 |

നഗരസഭ നമ്പർ അനുവദിച്ച വാണിജ്യ/വ്യാപാര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ട്രേഡേഴ്സ് ലൈസൻസുകളുടെ എണ്ണം വർദ്ധിക്കുന്നില്ല എന്ന് മേൽ പട്ടികയിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങളിൽനിന്ന് വ്യക്തമാണ്. സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ച കണക്കുകളിലെ വലിയ അന്തരം പരിശോധനാവിധേയമാക്കേണ്ടതും എല്ലാ വാണിജ്യ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലൈസൻസിന്റെ പരിധിയിൽ വരുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/2022തീ. 19.05.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റവന്യൂ വരുമാനത്തിലെ ചോർച്ചയ്ക്ക് കാരണമാകുന്ന ഈ വിഷയം തുടർനടപടികൾക്കായി ധനകാര്യ സ്ഥിരം സമിതി, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധയിൽ പെടുത്തുന്നു.

### 1-11 FACTEOS ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ പരാമർശിക്കുന്ന വ്യാപാരികൾ 2020-21 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | വാർഡ് നമ്പർ | കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് | 2020-21 ഡിമാന്റ് തുക |
|---|---|---|---|---|
| 1 | 6 | 44 A | അൻസലം PH | 5000 |
| 2 | 8 | 181 | ജോളി ജോസ് | 500 |
| 3 | 8 | 369 | ബാബു ദേവസ്യ | 1000 |
| 4 | 22 | 22 | PK സജി | 1000 |

| | | | | |
|---|---|---|---|---|
| 5 | 22 | 133 | G സുരേഷ് | 500 |
| 6 | 22 | 163 | അക്ഷയ് കുര്യൻ | 2500 |
| 7 | 22 | 239 | സുനിൽ P സാമുവൽ | 2000 |
| 8 | 22 | 27 B | അക്ഷയ് C റോയ് | 800 |
| 9 | 22 | 330 | ഡോ. CNN നമ്പൂതിരി | 1000 |
| 10 | 25 | 274 | T V മകുടാമണി | 500 |
| 11 | 25 | 298 A | TV ടോമിച്ചൻ | 1000 |
| 12 | 26 | 248 A | ഗിരീശ് V മണി | 1000 |
| 13 | 26 | 397 A | മനു KM | 2000 |
| 14 | 26 | 397 B | രഞ്ജിത്ത് തോമസ് | 1500 |
| 15 | 26 | 301 | ഗോപിക്കുട്ടൻ നായർ | 1300 |
| 16 | 27 | 320 A | K വാസൻ | 500 |
| 17 | 27 | 348 | സിജി ജീവൻ | 750 |
| 18 | 28 | 92 A | K K രവി | 1000 |
| 19 | 28 | 342 | സ്മിജിത്ത് SR | 500 |
| 20 | 28 | 343 | സാബു മാത്യു | 500 |
| 21 | 28 | 344 | മനോജൻ PK | 1300 |
| 22 | 28 | 455 | ബിനോയ് ജോർജ് | 3000 |
| 23 | 28 | 459 | ജോയ്സ് ജോണി | 500 |
| 24 | 28 | 479 | സജി ജോർജ് | 750 |
| 25 | 28 | 503 | ജിന്റോ മോൻ ജോർജ് | 2000 |
| 26 | 28 | 504 | VM ബേബി | 1500 |
| 27 | 28 | 513,514 | ബിജു സേവ്യർ | 1000 |
| 28 | 28 | 538 | എബ്രഹാം ജോസഫ് | 500 |
| 29 | 28 | 292 | നിതിൻ ജോസ് | 750 |
| 30 | 28 | 618 | ആന്റണി ജോസഫ് | 1000 |
| 31 | 28 | 624,625,626 | റോബിൻ സെബാസ്റ്റ്യൻ | 2000 |
| 32 | 28 | 411 A | വിൻസന്റ് KC | 2000 |
| 33 | 28 | 483 | പി ജെ ജോസഫ് | 1000 |
| 34 | 29 | 11 | സോജൻ KJ | 250 |
| 35 | 29 | 17 | ബാബു ഫ്രാൻസിസ് | 500 |
| 36 | 29 | 180A | കിരൺ പ്രഭാത് | 250 |
| 37 | 29 | 196 | അനീഷ് ജോർജ് | 500 |
| 38 | 29 | 289 | NG ഗോപാലകൃഷ്ണൻ | 3500 |
| 39 | 29 | 295 | അൻസമ്മ ജേക്കബ് | 1500 |
| 40 | 29 | 297 | അജയ് മാധവൻകുട്ടി | 1500 |
| 41 | 29 | 428 | ജോസഫ് NJ | 1000 |
| 42 | 29 | 445 B | അജി തേമസ് | 400 |
| 43 | 29 | 499 | സണ്ണി മാത്യു | 1000 |

| | | | | |
|---|---|---|---|---|
| 44 | 29 | 582A | ബിജു MS | 1350 |
| 45 | 29 | 593A | CN രാജപ്പൻ | 1000 |
| 46 | 30 | 183 | അരുൺകുമാർ NS | 1000 |
| 47 | 30 | 258 | CN ബാലകൃഷ്ണൻ | 800 |
| 48 | 30 | 355 | ഉഡ്സൺ KS | 1000 |
| 49 | 30 | 419 | സുനിൽകുമാർ PS | 2000 |
| 50 | 30 | Nil | മണികണ്ഠൻ | 500 |
| 51 | 32 | 394 | അമൽ ജോസ് | 2000 |
| 52 | 32 | 395 | ബിനോയ് P ജോൺ | 1000 |
| 53 | 34 | 149 | ആശ രാജൻ | 750 |
| 54 | 34 | 256 A1,2,3 | സിബിക്കുട്ടി സെബാസ്റ്റ്യൻ | 2500 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/18.05.2022) മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്നതും ലൈസൻസ് എടുക്കാൻ ബാധ്യസ്ഥവുമായ എല്ലാ വ്യാപാര/വാണിജ്യ/വ്യവസായ സംരംഭങ്ങളും ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-12 നഗരസഭയുടെ വിവിധ റവന്യൂ വരവിനങ്ങളിൽ വൻകുടിശ്ശിക

നഗരസഭ വിവിധ റവന്യൂ വരവിനങ്ങളുടെ പിരിവിൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ലായെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ധനകാര്യപത്രിക, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിൽ ക്രോഡീകരിച്ചിട്ടുള്ള കുടിശ്ശിക കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | കുടിശ്ശിക തുക (₹) |
|---|---|---|
| 1 | വസ്തു നികുതി | 1,77,77,864 (സഞ്ചയ പ്രകാരം) |
| 2 | തൊഴിൽനികുതി (വ്യാപാരികൾ) | 92,40,048 |
| 3 | FACTEOS ലൈസൻസ് ഫീസ് | 49,870 |

നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് തുകകൾ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള വിഷയങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/19.05.2022) മറുപടി ലഭ്യമാക്കിയില്ല.

1) നഗരസഭയിൽ അനുവദിക്കപ്പെട്ട ബിൽ കളക്ടർമാരുടെ എണ്ണം?

2. വാർഡുകളിൽ നിന്നും യഥാസമയം നികുതി പിരിച്ചെടുക്കാനും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാനും ഓഫീസ് ഓർഡർ പ്രകാരം ബിൽ കളക്ടർമാരെ നിയോഗിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ കാരണം വിശദമാക്കുക.

3. ബിൽ കളക്ടർമാർക്ക് സെക്ഷനുകളുടെ ചുമതല നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ കാരണം വിശദമാക്കുക.

4. നികുതിപിരിവ് 100 % പൂർത്തിയാക്കാൻ ക്യാമ്പ് കളക്ഷൻ നടത്തുന്നുണ്ടോ? ഇല്ലെങ്കിൽ കാരണം വിശദമാക്കുക.

5. നികുതി / നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച മറ്റ് നടപടികളുടെ വിശദാംശങ്ങൾ.

മേൽ പരാമർശിച്ച വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കേണ്ടതും കുടിശ്ശിക തുകകൾ കാലഹരണപ്പെടുന്നതിനുമുൻപ് പിരിച്ചെടുക്കേണ്ടതുമാണ്.

1-13 ഇ-ടെൻഡർ ഫോം വില തനതു ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. നഗരസഭ തൻവർഷം ഏറ്റെടുത്ത ഭൂരിപക്ഷം മരാമത്ത് പ്രോജക്ടുകളും ഇ-ടെൻഡർ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. ഇവയുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ അസി. എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കിയത്. ( സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ കട്ടപ്പന ശാഖയിലെ അക്കൗണ്ട് നം. 6738958606l). പ്രസ്തുത അക്കൗണ്ടിന്റെ പാസ്സ് ബുക്കിലെ 03.04.2022 വരെയുള്ള രേഖപ്പെടുത്തലുകൾപ്രകാരം ₹4,08,095/- നീക്കിയിരിപ്പുണ്ട്. നഗരസഭയ്ക്ക് അർഹതപ്പെട്ട പ്രസ്തുത തുക തനതു ഫണ്ടിലേക്ക് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ

1994 ലെ മുനിസിപ്പാലിറ്റി ആക്റ്റ് 245-ാം വകുപ്പ്, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട സൂക്ഷിക്കുന്ന രജിസ്റ്ററുകൾ അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിനെത്തുടർന്ന് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2020-21 ൽ ഫീൽഡ് തല പരിശോധന നടത്തി തയാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയില്ല.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻയറി(നം. 11/18.05.2022)ക്ക് നൽകിയ മറുപടി പ്രകാരം സ്റ്റാഫ് പാറ്റേണിലെ കുറവും ജോലിഭാരവും മൂലം ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റിയിലെ സ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

2) നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം തൊഴിൽനികുതി ഇനത്തിൽ 245700/ രൂപ തൻവർഷം അരിയർ തുക ലഭിക്കേണ്ടതുണ്ട്. മുൻ വർഷക്കുടിശ്ശികയായി 9240048/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പിരിച്ചെടുക്കാതെ ബാക്കിയായ തുക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക നികുതി പിരിവിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുന്നതാണ്. മുൻ വർഷക്കുടിശ്ശികയായി 9240048/- രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻയറി(നം. 11/18.05.2022)ക്ക് നൽകിയ മറുപടി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ തെറ്റായി ഡിമാന്റ് അധികരിച്ച് നൽകിയതിനെത്തുടർന്നുണ്ടായ അപാകതയാണെന്നും ഈ തുക സാംഖ്യ അക്കൗണ്ടിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമറിയിച്ചിട്ടുണ്ട്.അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. റിട്ടേണുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. . ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി(നം. 11/18.05.2022)ക്ക് നൽകിയ മറുപടി പ്രകാരം കുടിശ്ശികയായ 245700/- രൂപയിൽ 225980/- രൂപ 2021/2022 സാമ്പത്തിക വർഷത്തിൽ പിരിഞ്ഞ് കിട്ടിയിട്ടുള്ളതായും ബാക്കി തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നതിനാലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും നഗരസഭയിലെ തൊഴിൽനികുതി വരവ് നഷ്ടം കണക്കാക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

3) 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245 മുതൽ 259 വരെയുള്ള വകുപ്പുകൾ, കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, 2005 എന്നിവ പ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി താഴെക്കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | നിർമൽ ജോബ് സൊല്യൂഷൻസ്, കട്ടപ്പന | 1&2 |
| 2 | കെ.എൽ.എം ചിറ്റ്സ് ഇൻഡ്യ ലിമിറ്റഡ് | 1&2 |
| 3 | നിർമൽ ജ്യോതി പബ്ലിക് സ്കൂൾ, വെള്ളയാംകുടി | 2 |
| 4 | ന്യൂ ഓർമാ മാർബിൾ പാലസ് കട്ടപ്പന | 1&2 |
| 5 | മിനി മുത്തൂറ്റ് നിധി | 2 |
| 6 | യൂണിമണി ഫിനാൻഷ്യൽ സർവീസസ് | 1&2 |
| 7 | വ്യാപാരി കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം ഐ-467,കട്ടപ്പന | 2 |
| 8 | മുത്തൂറ്റ് ഫിൻകോർപ് ലിമിറ്റഡ്, ഇടുക്കി കവല | 2 |
| 9 | മലയാളം വെഹിക്കിൾസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | 1 |
| 10 | മുത്തൂറ്റ് സെക്യൂരിറ്റീസ് ലിമിറ്റഡ് | 1&2 |
| 11 | കോർപറേഷൻ ബാങ്ക് ,കട്ടപ്പന | 2 |
| 12 | അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ,കട്ടപ്പന | 1&2 |
| 13 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ,കട്ടപ്പന | 1&2 |
| 14 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് | 1&2 |
| 15 | റ്റി.വി.എസ് അയ്യങ്കാർ ആന്റ് സൺസ്, ഒഇഎസ്, ലൂബ്സ് ഡിവിഷൻ കട്ടപ്പന | 1&2 |
| 16 | ക്രിസ്റ്റി ഹോസ്പിറ്റൽ, കട്ടപ്പന | 1&2 |
| 17 | എയ്ഡഡ് സ്കൂൾ റ്റീച്ചേഴ്സ് സൊസൈറ്റി ലിമിറ്റഡ്,കെ 336,കട്ടപ്പന | 2 |
| 18 | ചോള മണ്ഡലം ഇൻവെസ്റ്റ്മെന്റ്സ് ആന്റ് ഫിനാൻസ് കോ ലിമിറ്റഡ് | 1 |
| 19 | ട്രെൻഡ്സ് റിലയൻസ് ലിമിറ്റഡ് ,1891സി | 2 |
| 20 | ഇൻഡസ് മോട്ടോഴ്സ് എൽ.സി.വി പ്രൈവറ്റ് ലിമിറ്റഡ് | 1 |
| 21 | ഇൻഫൻറ് ജീസസ് റെസിഡൻഷ്യൽ സ്കൂൾ | 1&2 |
| 22 | പോപ്പുലർ മോട്ടോർ കോർപറേഷൻ, ജെസിബി ഡിവിഷൻ | 1 |
| 23 | തകിടിയേൽ ടെക്സ്റ്റൈൽസ് | 1 |
| 24 | ഇ കോം എക്സ്പ്രസ് ലിമിറ്റഡ് | 2 |
| 25 | ഇടുക്കി ജില്ലാ സർവീസസ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം 1312,കട്ടപ്പന | 2 |
| 26 | കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയര് ബോർഡ്, സബ് ഓഫീസ് | 1&2 |
| 27 | കട്ടപ്പന റൂറൽ ഡെവലപ്മെന്റ് ബോർഡ് ,കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2 |
| 28 | മുത്തൂറ്റ് മോട്ടോഴ്സ് കൊച്ചിന്, കട്ടപ്പന | 1&2 |
| 29 | പൂങ്കടി മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 1&2 |
| 30 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് ലിമിറ്റഡ് | 1&2 |
| 31 | കൊശമറ്റം ഫിനാൻസ് ലിമിറ്റഡ് | 1&2 |
| 32 | റിലയൻസ് എസ്.എം.എസ് ലിമിറ്റഡ്, ഇടുക്കി കവല | 1&2 |
| 33 | ബജാജ് ഫിനാനൻസ് ലിമിറ്റഡ് | 2 |

| | | |
|---|---|---|
| 34 | ഇടുക്കി ജില്ലാ ടീച്ചേഴ്സ് സൊസൈറ്റി | 2 |
| 25 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | 2 |
| 26 | ഇൻഡസ് ഇന്ഡ്യ മാർക്കറ്റിംഗ് ആന്റ് ഫിനാൻഷ്യൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് | 2 |
| 27 | റെയ്ഡ്കോ, കേരള ലിമിറ്റഡ് | 2 |
| 28 | ഏയ്റോ ക്ളബ് വുഡ്ലാന്റ് സ്റ്റോർ, ഇടുക്കി കവല | 1&2 |
| 29 | ഇൻഡ്യാ പോസ്റ്റ് പേയ്മെന്റ് ബാങ്ക് | 2 |
| 30 | ഡെൽഹിവെറി പ്രൈവറ്റ് ലിമിറ്റഡ് | 2 |
| 31 | ഗായത്രി ഡിസൈൻസ് കട്ടപ്പന | 1 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നം.11/18.05.2022)ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുള്ളതാണെന്നറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം കുറവ് വന്നിട്ടുണ്ട്.

| ക്രമ നം. | ജീവനക്കാരന്റെ പേര്/സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | അർദ്ധ വർഷം 1 | | | അർദ്ധ വർഷം 2 | | |
|---|---|---|---|---|---|---|---|---|
| | | | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് വന്ന തുക | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് വന്ന തുക |
| 1 | അന്നമ്മ എൻ.പി(പി.റ്റി.എസ്) /കട്ടപ്പന സർവീസ് കോ-ഓപറേറ്റീവ് ബാങ്ക് | 148836 | - | - | - | 1000 | 1250 | 250 |
| 2 | മോറിസ് തോമസ് പി.റ്റി.എസ്)/കട്ടപ്പന സർവീസ് കോ-ഓപറേറ്റീവ് ബാങ്ക് സായാഹ്ന ശാഖ | 172128 | 1000 | 1250 | 250 | - | - | - |

കുറവ് വന്ന ₹500/- (250+250) ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം.10തീ.18/05/2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

5) 2005ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ [ചട്ടം 3(2) മുതൽ 3(11) വരെ] പ്രകാരം അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ,പാരാമെഡിക്കൽ വിദഗ്ദ്ധർ തുടങ്ങി സമാന തൊഴിലിൽ ഏർപ്പെടുന്നവരിൽ നിന്നും, ടാക്സി വാഹന ഉടമകൾ (രണ്ടിലധികം കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ് എന്നിവയും മൂന്നിലധികം ഓട്ടോറിക്ഷയും ഉള്ളവർ),അംഗീകൃത കരാറുകാർ, പെട്രോൾ പമ്പ് ഉടമസ്ഥർ എന്നിവരിൽ നിന്നും അർദ്ധവാർഷികമായി പരമാവധി 1250/- രൂപ ഈടാക്കേണ്ടതാണ്.ഈ ഗണത്തിൽ പെടുന്നവരെ സമഗ്രമായി ഉൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കുകയോ ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറനം (11/18305.2022)ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ചില സ്വകാര്യ ഡോക്ടർമാരിൽ നിന്നും നികുതി ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. മേൽഗണത്തിൽപ്പെടുന്നവരിൽ നിന്നും സമഗ്രമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ഓഡിറ്റ് ഇംപാക്ട്- ക്യാൻസൽ ചെയ്തിട്ടുള്ള സാംഖ്യ രസീതുകൾ സഞ്ചയയിൽ വസ്തു നികുതി കളക്ഷനായി പോസ്റ്റ് ചെയ്തതത് ഒഴിവാക്കി.

താഴെചേർത്തിട്ടുള്ള ക്യാൻസൽ ചെയ്തിട്ടുള്ള സാംഖ്യ രസീതുകൾ സഞ്ചയയിൽ വസ്തു നികുതി കളക്ഷനായി പോസ്റ്റ് ചെയ്തിരിക്കുന്നു.

| ക്രമ നം. | സാംഖ്യ രസീതി നമ്പർ/ തീയതി | വാർഡ് നമ്പർ / കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | അർദ്ധവർഷം | സാംഖ്യ പ്രകാരം ക്യാൻസൽ ചെയ്ത രസീതിലെ തുക | സഞ്ചയയിൽ വസ്തു നികുതിയായി പോസ്റ്റ് ചെയ്യപ്പെട്ട തുക |
|---|---|---|---|---|---|---|
| 1 | 121180107972/ 24-02-2022 | 17/81 | മോളി സെബാസ്റ്റ്യൻ | 2020-21 1&2 | 560 | 560 |
| 2 | 121180108056/25-02-2022 | 28/502/D | സിറിൾ മാത്യു | 2020-21 1&2 | 13275 | 13275 |
| 3 | 121460101972/08-03-2022 | 17/1005 | വി.കെ ജോസ് | 2020-21 1&2 | 9328 | 9328 |
| 4 | 121460104170/24-03-2022 | 17/2739/B | എം.കെ തോമസ് | 2020-21 1&2 | 17106 | 17106 |
| 5 | 121180109820/31-03-2022 | 6/118 | ശിവരാമൻ | 2020-21 1&2 | 403 | 403 |
| 6 | 122180101556/25-04-2022 | 22/178 | പി.എഫ് ബേബി | 2020-21 1&2 | 1158 | 1158 |
| 7 | 122180101947/28-04-2022 | 9/93 | ഉണ്ണികൃഷ്ണൻ&സത്യൻ | 2020-21 1&2 | 491 | 491 |
| ആകെ | | | | | | 41830 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7 തീയതി 18.05.2022) ലഭ്യമാക്കിയ മറുപടി പ്രകാരം വസ്തു നികുതി ഇനത്തിൽ വരവായി കാണിച്ചിരിക്കുന്ന ടി തുക പ്യൂരിഫിക്കേഷൻ നടത്തി സഞ്ചയയിൽ നിന്ന് ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-16 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ -വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം

(എ) ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതി ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | പദ്ധതി,നമ്പർ | ചെലവ്(₹) |
|---|---|---|
| 1 | വയോമിത്രം (59/21) | 1000000 |
| 2 | പദ്ധതി നിർവ്വഹണം(198/21) | 269562 |
| 3 | വയബിലിറ്റി ഗ്യാപ് ഫണ്ട് (34/21) | 411198 |
| 4 | കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ | 549831 |

| | | |
|---|---|---|
| | പ്രവർത്തനങ്ങൾ (188/21) | |
| 5 | ഹൈമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ്(70/21) | 299985 |
| 6 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്യൽ(60/21) | 50000 |
| | ആകെ | 2580576 |

ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന് ഓഡിറ്റ് എൻക്വയറി(നം.21) മുഖേന വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലുള്ള ₹2580576-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ബി) രേഖകൾ പൂർണമായി ഹാജരാക്കിയില്ല

സെക്രട്ടറി നടപ്പാക്കിയ പദ്ധതി ഫയലുകൾ ഓഡിറ്റിന് സമയബന്ധിതമായി ഹാജരാക്കാത്തതുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ നല്കിയതിനെ തുടർന്ന് ചുവടെ ചേർക്കുന്ന പദ്ധതി ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഫയലിനോടൊപ്പം പൂർണ്ണമായ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | പദ്ധതി, നമ്പർ, അടങ്കൽ | ബിൽ വിശദാംശങ്ങൾ | ലഭ്യമാക്കിയ രേഖകൾ | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | സർക്കാർ ഹൈസ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ(252/21),700000 | 201008470016011141753/24.02.2021 ₹146400/-<br>Cheque No. 169857/25.02.2021 ₹553600/- | ആർട്കോയിൽ നിന്ന് 80 ബഞ്ച്, 80 ഡെസ്ക് എന്നിവ ലഭ്യമായതിന്റെ ബിൽ പകർപ്പ് | സ്റ്റോക്ക്- വിതരണ- കൈപ്പറ്റ് വിശദാംശങ്ങൾ |
| 2 | മാലിന്യ നിർമ്മാർജ്ജനം- പൊതു ആവശ്യത്തിന് മരുന്നും ഉപകരണങ്ങളും വാങ്ങൽ(33/21), 250000 | 201008470016011126721/22.02.2021 ₹250000/- | കട്ടപ്പനയിലെ കൈരളി സ്റ്റോർസിൽ നിന്ന് ക്ലീനിംഗ് വസ്തുക്കൾ, ഉപകരണങ്ങൾ , മരുന്നുകൾ തുടങ്ങിയവ വാങ്ങിയതിന്റെ ബിൽ പകർപ്പുകൾ | സ്റ്റോക്ക്- വിതരണ- കൈപ്പറ്റ് വിശദാംശങ്ങൾ |

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന് ഓഡിറ്റ് എൻക്വയറി(നം.19/19.05.2022) മുഖേന വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലുള്ള ₹9,50,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(സി) വാല്യുവേഷൻ സർട്ടിഫിക്കറ്റ് അടക്കമുള്ള സുപ്രധാന രേഖകൾ ഇല്ല.

സെക്രട്ടറി നടപ്പാക്കിയ പദ്ധതി ഫയലുകൾ ഓഡിറ്റിന് സമയബന്ധിതമായി ഹാജരാക്കാത്തതുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ നല്കിയപ്പോൾ ലഭ്യമാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ഫയലുകളിൽ ലഭിച്ച തുക പദ്ധതിയിൽ വിഭാവനം ചെയ്ത വിധത്തിൽതന്നെ തുക വിനിയോഗിച്ചുവെന്ന് ഉറപ്പാക്കുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റ്, ഗുണഭോക്താവിന്റെ യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ തുടങ്ങിയ അവശ്യരേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | പദ്ധതി,നമ്പർ | ചെലവ് |
|---|---|---|
| 1 | വീട് മെയിന്റനൻസ് എസ്. സി. വനിത (248/21) | 201008470016000418435/12.08.2020 |

| | | |
|---|---|---|
| | | ₹450000/-<br>20100847001600421211/13.08.2020 ₹50000/-<br>20100847001600542030/22.09.2020 ₹50000/-<br>20100847001600574574/30.09.2020 ₹50000/- |
| 2 | വീട് മെയിന്റനൻസ് എസ്.റ്റി.(254/21) | 3126507601200023/12.08.2020 ₹50000/- |
| 3 | ഭവന പുനരുദ്ധാരണം എസ്.സി. (52/21) | 20100847001600836704/17.12.2020 ₹100000/-<br>20100847001600845238/21.12.2020 ₹50000/-<br>20100847001600875139/29.12.2020 ₹150000/-<br>20100847001600880977/31.12.2020 ₹50000/-<br>20100847001600963843/19.01.2021 ₹50000/-<br>20100847001601011026/29.01.2021 ₹50000/-<br>20100847001601016269/30.01.2021 ₹100000/-<br>20100847001601086253/15.02.2021 ₹50000/-<br>20100847001601109820/19.02.2021 ₹100000/-<br>20100847001601142673/24.02.2021 ₹50000/-<br>20100847001601223995/10.03.2021 ₹250000/-<br>20100847001601224002/10.03.2021 ₹150000/-<br>20100847001601269235/17.03.2021 ₹500000/-<br>20100847001601299600/19.03.2021 ₹200000/-<br>20100847001601336022/24.03.2021 ₹250000/-<br>20100847001601393174/27.03.2021 ₹100000/- |

| | | |
|---|---|---|
| | | 20100847001601399320/27.03.2021 ₹100000/-<br>20100847001601403389/27.03.2021 ₹50000/-<br>20100847001601424838/29.03.2021 ₹100000/-<br>20100847001601428951/29.03.2021 ₹50000/- |
| 4 | ഭവന പുനരുദ്ധാരണം വനിത (199/21) | 20100847001600031259/11.04.2020 ₹100000/- |
| 5 | വീട് മെയിന്റനൻസ് എസ്. റ്റി. (53/21) | 20100847001601275856/17.03.2021 ₹50000/-<br>20100847001601336025/24.03.2021 ₹100000/- |
| 6 | എസ്. സി. വിദ്യാർത്ഥികൾക്ക് പഠനമുറി (197/21) | 20100847001600035072/11.04.2020 ₹100000/- |
| 7 | വീട് അറ്റകുറ്റപ്പണി എസ്. റ്റി (191/21) | 20100847001600035071/11.04.2020 ₹100000/- |
| 8 | വീട് മെയിന്റനൻസ് ജനറൽ(51/21) | 3126507601200066/17.03.2021 ₹150000/-<br>3126507601200081/27.03.2021 ₹150000/-<br>3126507601200085/27.03.2021 ₹150000/- |
| 9 | പ്രളയത്തിൽ തകർന്ന ശൌചാലയങ്ങളുടെ പുനർനിർമ്മാണം (212/21) | 20100847001601142508/24.02.2021 ₹154000/-<br>20100847001601336027/24.03.2021 ₹33000/-<br>20100847001601399326/27.03.2021 ₹33000/- |

വീട് അറ്റകുറ്റപ്പണി എസ്. റ്റി (191/21),വീട് മെയിന്റനൻസ് ജനറൽ(51/21) എന്നീ പദ്ധതികളുടെ ബിൽ വിവരങ്ങൾ മുനിസിപ്പാലിറ്റിയിൽ നിന്ന് ലഭ്യമാക്കിയത് സുലേഖ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. തനത്ഫണ്ട് ചെലവുകൾ കൃത്യമായി സുലേഖയിൽ ഉൾപ്പെടുത്തിന്നില്ലായെന്ന് ഇതിൽനിന്ന് വ്യക്തമാണ്.

വാല്യുവേഷൻ സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ 45 ദിവസത്തിനകം പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മുനിസിപ്പാലിറ്റിയിൽ നിന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതുവരെ ഈയിനത്തിലുള്ള ₹4270000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽസൂചിത മൂന്ന് ഉപഖണ്ഡികളിലുമായി ആകെ ₹7800576/- (2580576+950000+4270000) തടസ്സപ്പെടുത്തുന്നു. ഫയലുകളും രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-17 തനത് ഫണ്ട് ചെലവ്- ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

കട്ടപ്പന മുനിസിപ്പാലിറ്റിയിൽ തൻവർഷം തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച ചുവടെ ചേർക്കുന്ന

ചെലവുകളുടെ ഫയലുകൾ ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | തുക(₹) | വൗച്ചർ നം./ചെക്ക് നം. |
|---|---|---|---|---|
| 1 | H1-4964/20 | കോവിഡുമായി ബന്ധപ്പെട്ട് അന്യസംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷണം നല്കുന്നതിന് വേണ്ടി സീനിയർ ക്ലർക്കായ ഭരത് മുരളിയ്ക്ക് അഡ്വാൻസ് നല്കിയത് | 50000 | 204/20 160790/08.04.2020 |
| 2 | H1-1080/20 | Northamps ENV Solutions- ന് വേസ്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിക്ക് ചാർജ് നല്കിയത് | 54839 | 955/20 160874/ 28.05.2020 |
| 3 | E2/14289/19 | ഹെൽത്ത് വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കുവേണ്ടി അഡ്വാൻസ് നല്കിയത് | 17000 | 395/20 160830/15.05.2020 |
| | | ആകെ | 121839 | |

ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന് ഓഡിറ്റ് എൻക്വയറി(നം.18/19.05.2022) മുഖേന വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലുള്ള ₹121839/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 വസ്തുനികുതി നിർണയ ഫയലുകളും പെർമിറ്റ്, കംപ്ലീഷൻ പ്ലാൻ അടക്കമുള്ള അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

02-12-2015-ലെ എൽ.എസ്.ജി.ഡി സർക്കുലർ നമ്പർ 12900/R/2015/LSGD പ്രകാരം ഒരു കെട്ടിടത്തിന്റെ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയം എന്നിവ ഒരു ഫയലായി സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിയിൽ ഇപ്രകാരം ചെയ്തിട്ടില്ല. വസ്തുനികുതി ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. പെർമിറ്റ്, നമ്പറിംഗ് ഫയലുകൾ എന്നിവ രണ്ടായി സൂക്ഷിച്ചിരിക്കുന്നത് പരിശോധനയ്ക്ക് തടസ്സമാവുന്നു.

തൻവർഷം വസ്തുനികുതി നിർണയം നടത്തി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയ ഫയലുകളും പെർമിറ്റ്, കംപ്ലീഷൻ പ്ലാൻ അടക്കമുള്ള അനുബന്ധ രേഖകളും ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 6 | 25 A To H | സിബി തോമസ്, സിസി സിബി |
| 2 | 14 | 165 A To E | സണ്ണി മാത്യു |
| 3 | | 301 A | ജയ്സൺ ജോർജ് |
| 4 | 17 | 320 H To T | രാംദാസ് |
| 5 | | 1891 E To J | മനോജ് ആന്റ്രൂസ് |

| | | | |
|---|---|---|---|
| 6 | | 2897 A To I | കെ.എം. കുര്യൻ |
| 7 | 20 | 58 A To C | സേവ്യർ മത്തായി |
| 8 | | 375 A1 To A4 | സാജൻ ജോസ് |
| 9 | | 595 A1 To A6 | കെ.ജെ. സാന്റിൽ |
| 10 | 24 | 479 A To E | ജേക്കബ്ബ് ജോസഫ് |
| 11 | | 481 A To C | ജേക്കബ്ബ് ജോസഫ് |
| 12 | 27 | 144 C To E | കെ.ആർ.വിശ്വനാഥൻ നായർ |
| 13 | 29 | 264 A To G | ബിജു മാധവൻ |
| 14 | | 333 D, D1, F,F1,G,G1 | ബിനോയ് ജോസഫ് |
| 15 | | 337 A1 To A4, B1 To B4, C1 To C4, D1,D2 | ഓർകിഡ് ഫ്രണ്ട് |

ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന് ഓഡിറ്റ് എൻക്വയറി(നം.22/19.05.2022) മുഖേന വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-19 കൂമ്പളന്താനംപടി-കരിമ്പാനിപ്പടി ചപ്പാത്ത്പ്പടി റോഡ് ടാറിംഗ്-വാർഡ് 24-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 82/20-21 |
| അടങ്കൽ | ₹1380000/- (മെയിന്റനൻസ്-റോഡ്)<br>₹120000/- (തനത് ഫണ്ട്) |
| കോൺട്രാക്ടർ | മരിയൻ കൺസ്ട്രക്ഷൻസ് |
| കരാർ നമ്പർ | 30/19-20 /AE/LSGD/KTP/dt 21.12.2019 |
| ബിൽ റഫറൻസ് നമ്പർ/തിയതി/തുക | 5001634088 /28.03.2021<br>₹ 352708/-<br>50016340 /28.03.2021<br>₹468254/- |
| എം ബുക്ക് നമ്പർ | ഇല്ല |

1540 മീറ്റർ നീളത്തിലും,3 മീറ്റർ വീതിയിലും ടാറിംഗിനായുള്ള ഈ പ്രവൃത്തിക്കായി ₹13,80,000/- മെയിന്റനൻസ്-റോഡ് ഫണ്ടിൽ നിന്നും, ₹1,20,000/- തനത് ഫണ്ടിൽ നിന്നും ആകെ ₹15,00,000/- വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയാണിത്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

മണിക്കൂറിൽ 80 വാഹനങ്ങൾ കടന്നുപോകുന്ന ഈ റോഡ് തകർന്ന് പോയതിനാൽ ടാറിംഗ് നടത്തേണ്ടത് വളരെ അത്യാവശ്യമാണെന്ന് കണ്ടതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും നിർവ്വഹണം നടത്തുകയും ചെയ്ത ഈ പ്രവൃത്തിക്കായി ₹13,80,000/- മെയിന്റനൻസ്-റോഡ് ഫണ്ടിൽ നിന്നും വകയിരുത്തിയെങ്കിലും, 904 മീറ്റർ ടാറിംഗ് പണിക്കായി ₹8,20,963/- മാത്രമാണ് പാർട്ട് ബില്ലായി ചെലവഴിച്ചിരിക്കുന്നത്.

ജി.ഒ.(പി)നം. 429/15.ഫിൻ,തിയതി.28.9.2015 പ്രകാരം പാർട്ട് ബിൽ നൽകുമ്പോൾ ബിൽ തുകയിൽ നിന്നും റീടെൻഷൻ തുകയായി 2.5% പിടിക്കേണ്ടതും,ആയത് പെർഫോമൻസ് ഡെപ്പോസിറ്റായി സൂക്ഷിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിരിക്കെ ഇപ്രകാരം റീടെൻഷൻ പിടിക്കുകയോ തുടർന്ന് പണികൾ ഏറ്റെടുത്ത് നടത്തുകയോ ചെയ്തിട്ടില്ല. മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും,പദ്ധതികൾക്ക് ലഭ്യമാക്കുന്ന വിഹിതം നഷ്ടപ്പെടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-20 ലേലതുകകൾ പൂർണ്ണമായും പിരിച്ചെടുക്കാത്തത്

2020-21 വർഷം ലേലത്തിൽ നൽകിയ വാണിജ്യ സ്ഥാപനങ്ങളിൽനിന്നും ലേലതുകകൾ പൂർണ്ണമായും പിരിച്ചെടുത്തതായി കാണുന്നില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു. (ലേല രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിരിക്കുന്നത്)

| ക്രമ നം. | ലേല ഇനം | ലേലതുക | പിരിച്ചെടുത്തത് | പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് | ലേലം പിടിച്ച വ്യക്തി | കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | കന്നുകാലി ചന്ത | 82500 | 25000 | 57500 | പുഷ്പരാജൻ, കട്ടപ്പന | കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.<br>ലേലക്കാരന്റെ അപേക്ഷയെ തുടർന്ന് ഇളവ് അനുവദിക്കുന്നതിന് നഗരസഭാ കൗൺസിൽ സർക്കാരിലേയ്ക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. |
| 2 | കംഫർട്ട് സ്റ്റേഷൻ - മാർക്കറ്റ് | 63055 | 10000 | 53055 | പുഷ്പരാജൻ, കട്ടപ്പന | കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. |
| 3 | കംഫർട്ട് സ്റ്റേഷൻ - പഴയ ബസ്സ് സ്റ്റാന്റ് | 226305 | 0 | 226305 | ബിനു കുന്തളംപാറ | കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.<br>ഇത് സംബന്ധിച്ച് WP(C) No.1361/2021 നമ്പരിൽ ഒരു കോടതി കേസ് നിലവിലുണ്ട്. |
| 4 | കംഫർട്ട് സ്റ്റേഷൻ - പുതിയ ബസ്സ്റ്റാന്റ് | 1936000 | 0 | 1936000 | ആനന്തവല്ലി, സന്യാസിഓട | കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.<br>ലേലതുകയിൽ ഇളവ് ലഭിക്കുന്നത് സംബന്ധിച്ച് WP(C) No.1361/2021 നമ്പരിൽ ഒരു കോടതി കേസ് നിലവിലുണ്ട്. |
| 5 | മുൻസിപ്പൽ മൈതാനം | 365000 | 0 | 365000 | ഷാജഹാൻ ., കല്ലുകന്ന് | കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.<br>ലേലതുകയിൽ ഇളവ് ലഭിക്കുന്നത് സംബന്ധിച്ച് WP(C) No.1356/2021 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നമ്പരിൽ ഒരു കോടതി കേസ് നിലവിലുണ്ട്. |
| 6 | ഫിഷ് മാർക്കറ്റ് - 1 | 423500 | 211750 | 211750 | ശ്രീലാൽ, ഇടിഞ്ഞമല | കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. ലേലതുകയിൽ ഇളവ് ലഭിക്കുന്നത് സംബന്ധിച്ച് WP(C) No.1375/2021 നമ്പരിൽ ഒരു കോടതി കേസ് നിലവിലുണ്ട്. |
| 7 | മാംസ മാർക്കറ്റ് | 3629998 | 500000 | 3129998 | ബാബു ആന്റണി, വാലിയംപാറ | കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. ലേലതുകയിൽ ഇളവ് ലഭിക്കുന്നത് സംബന്ധിച്ച് WP(C) No.27608/2021 നമ്പരിൽ ഒരു കോടതി കേസ് നിലവിലുണ്ട്. |
| 8 | ഡിജിറ്റൽ അഡ്വർടൈസ് മെന്റ് | 91739 | 0 | 91739 | സൈനബ അബ്ദുൾ കരീം, കട്ടപ്പന | കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. ലേലതുകയിൽ ഇളവ് ലഭിക്കുന്നത് സംബന്ധിച്ച് WP(C) No.1473/2021 നമ്പരിൽ ഒരു കോടതി കേസ് നിലവിലുണ്ട്. |
| 9 | സസ്യ മാർക്കറ്റ് | 181500 | 40000 | 141500 | പുഷ്പരാജൻ, കട്ടപ്പന | കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. ലേലക്കാരന്റെ അപേക്ഷയെ തുടർന്ന് ഇളവ് അനുവദിക്കുന്നതിന് നഗരസഭാ കൗൺസിൽ സർക്കാരിലേയ്ക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. |
| 10 | സ്ലോട്ടർ ഹൗസ് | 1150000 | 575000 | 575000 | പി.റ്റി. ഷാജഹാൻ, ബാലഗ്രാം | കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. ലേലതുകയിൽ ഇളവ് ലഭിക്കുന്നത് സംബന്ധിച്ച് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | WP(C) No.1358/2021 നമ്പരിൽ ഒരു കോടതി കേസ് നിലവിലുണ്ട്. |
| 11 | പുതിയ ബസ് സ്റ്റാന്റിൽ പരസ്യ പതിപ്പിക്കുന്നതിനുള്ള അവകാശം. | - | - | - | - | ലേലം ചെയ്ത് നൽകിയതായി മറുപടിയിൽ അറിയിച്ചെങ്കിലും തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| | ആകെ | 8867112 | 1695417 | 7171695 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കന്നുകാലി ചന്ത, സസ്യ മാർക്കറ്റ് എന്നിവ ഒഴികെയുള്ള ലേലക്കാർ കോവിഡ്-19 ലോക്ഡൗൺ കാലയളവിലെ ഇളവ് അനുവദിച്ച് ലഭിക്കുന്നതിന് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കൂടാതെ, കന്നുകാലി ചന്ത, സസ്യ മാർക്കറ്റ് എന്നിവയ്ക്ക് ഇളവ് അനുവദിക്കുന്നതിന് നഗരസഭാ കൗൺസിൽ സർക്കാരിലേയ്ക്ക് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ ലേലവുമായി ബന്ധപ്പെട്ട കോടതി വിധികൾ, സർക്കാർ തീരുമാനം, നഗരസഭ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ അറിയിക്കേണ്ടതാണ്.

### 1-21 കുഴൽ കിണർ - സർവേ റിപ്പോർട്ട് ലഭ്യമല്ല - ചെലവ് തടസപ്പെടുത്തുന്നു.

2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധ പദ്ധതികൾക്കായി കുഴൽകിണറിന്റെ ജലലഭ്യത സർവേ നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് ചെക്ക് നം. 169799/1.6.2021 പ്രകാരം 32895/- ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് നൽകിയതായി തനത് ഫണ്ട് വൗച്ചറിൽ (നം. 22000792/19.1.2021) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർവേ റിപ്പോർട്ട് ലഭിച്ചതായി കാണുന്നില്ല. 17 സ്ഥലത്ത് സർവേ നടത്തുന്നതിന് 1935/- നിരക്കിൽ 32895/- രൂപയാണ് നൽകിയിട്ടുള്ളത്. സർവേ റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ ഈ ഇനത്തിൽ നൽകിയ ₹32895/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

### 1-22 ബാങ്ക് ചെക്കുകളുടെ വിവരങ്ങൾ ലഭ്യാക്കാത്തത്.

2020-21 വർഷത്തെ സാംഖ്യ ചെക്ക് ഇഷ്യൂ രജിസ്റ്റർ റിപ്പോർട്ടിൽ താഴെപറയുന്ന നമ്പരിലുള്ള ചെക്കുകളുടെ വിവരങ്ങൾ ഉൾപ്പെട്ടതായി കാണുന്നില്ല. ചെക്കുകളുടെ കൗണ്ടർഫോയിലുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത ചെക്കുകളുടെ വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ചെക്ക് നമ്പർ | ക്രമ നം. | ചെക്ക് നമ്പർ. |
|---|---|---|---|
| 1 | 000010 | 17 | 196221 |
| 2 | 000018 | 18 | 169787 |
| 3 | 000019 | 20 | 169788 |
| 4 | 4667 | 21 | 169801 |
| 5 | 1110803 | 22 | 169811 |
| 6 | 1134991 | 23 | 169869 |
| 7 | 1139710 | 24 | 169870 |
| 8 | 114667 | 25 | 169879 |
| 9 | 1169870 | 26 | 169910 |
| 10 | 160872 | 27 | 169915 |

| | | | |
|---|---|---|---|
| 11 | 160874 | 28 | 169918 |
| 12 | 160909 | 29 | 169950 |
| 13 | 160939 | 30 | 2216306 |
| 14 | 167935 | 31 | 2216311 |
| 15 | 2216316 | 32 | 2216326 |
| 16 | 2216327 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/19.5.22-ന് മറുപടി ലഭ്യമാക്കിയില്ല.

1-23 തനതു ഫണ്ടിന്റെ അശാസ്ത്രീയ വകയിരുത്തൽ-പ്രോജക്ടുകൾ പാതിവഴിയിൽ ഉപേക്ഷിക്കേണ്ട ദുരവസ്ഥ

തദ്ദേശസ്വയംഭരണവകുപ്പിന്റെ 02.02.2018-ലെ ജി.ഒ.(എംഎസ്) 17/2018നമ്പറായി പുറപ്പെടുവിച്ച 13-ാം പഞ്ചവത്സരപദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായാണ് 2018-2022 കാലയളവിലെ വാർഷികപദ്ധതികൾ തയ്യാറാക്കേണ്ടത്. തനതു ഫണ്ട് വാർഷിക പദ്ധതിക്ക് വകയിരുത്തുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത മാർഗരേഖയിൽ പരാമർശിക്കുന്ന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1) ഖണ്ഡിക നം. 5.1.3

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾപ്രകാരം തനത് ഫണ്ട്/പൊതു ആവശ്യ ഗ്രാന്റിൽനിന്ന് നിർവഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ച ശേഷം മിച്ചമുള്ള തുക തനതു ഫണ്ട് എന്ന സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം.

2) ഖണ്ഡിക നം. 5.1.4

ഒരു വാർഷിക പദ്ധതിയിൽ തനതു ഫണ്ട് ഇനത്തിൽ വിനിയോഗിച്ച തുകയുടെ 15 ശതമാനത്തിൽ അധികരിച്ച തുക അടുത്ത വാർഷിക പദ്ധതിയിൽ വകയിരുത്തുന്നുവെങ്കിൽ അത്രയും തുക ലഭ്യമാക്കാൻ കഴിയുമെന്നുള്ളതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓഡിറ്റ് ചുമതലയുള്ള ജില്ല/മേഖലാ/സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസറിൽനിന്നുള്ള സാക്ഷ്യപത്രം മുൻകൂട്ടി വാങ്ങി വാർഷിക പദ്ധതി സമർപ്പിക്കുമ്പോൾതന്നെ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

3) ഖണ്ഡിക 5.1.5

തനതു ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രോജക്ടുകളിൽ തനതു ഫണ്ടിന് പകരം മറ്റ് സ്രോതസുകൾ വകയിരുത്തുന്ന രീതിയിൽ ഭേദഗതി ചെയ്യാൻ പാടില്ല. അപ്രകാരമുള്ള ഭേദഗതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുവാനും പാടില്ല.

നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ തനതു ഫണ്ടിന്റെ യഥാർത്ഥ ചിത്രം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | | |
| 2019-20-ലെ ബാലൻസ് ഷീറ്റ് പത്രിക ബി-17 പ്രകാരം | 50684866 | |
| (-) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | 30404847 | 2019-20-ലെ ബാലൻസ് ഷീറ്റ് പത്രിക ബി-4 പ്രകാരം |
| (-) സിവിൽ നിക്ഷേപങ്ങൾ | 43890664 | പത്രിക ബി-7 പ്രകാരം |
| (-) മറ്റു ബാധ്യതകൾ | 8233655 | പത്രിക ബി-9 പ്രകാരം |
| അറ്റ മുന്നിരിപ്പ് | (-) 31844300 | |
| വരവ് | | |

| | | |
|---|---|---|
| നികുതി വരുമാനങ്ങൾ | 34794351 | 2020-21-ലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിന്റെ പത്രിക I-1 പ്രകാരം |
| നഗരസഭയുടെ വസ്തു വകകളിൽനിന്നുള്ള വാടക/ആദായം | 10846404 | പത്രിക I-3 പ്രകാരം |
| ഫീസ് , സേവനത്തിനുള്ള പ്രതിഫലം | 101965198 | പത്രിക I-4(b) പ്രകാരം |
| വിൽപന/ലേലം | 665223 | പത്രിക I-5 പ്രകാരം |
| ബാങ്ക് പലിശ | 630703 | പത്രിക I-8 പ്രകാരം |
| മറ്റു പലവക വരവുകൾ | 97556 | പത്രിക I-9 പ്രകാരം |
| പൊതു ആവശ്യ ഗ്രാന്റ് | 18876387 | |
| ആകെ വരവുകൾ | 76107142 | |
| മുന്നിരിപ്പ് ഉൾപ്പടെ ഒട്ടാകെ വരവുകൾ | 4,42,62,842 | (-) 31844300 + 76107142 |
| ചെലവ് | | |
| ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും ശമ്പളം/ബത്തകൾ /ഓണറേറിയം | 24487910 | 2020-21-ലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിന്റെ പത്രിക I-10 ( B) പ്രകാരം |
| ഭരണചെലവുകൾ | 11722549 | പത്രിക I-11 ( B) പ്രകാരം |
| നടത്തിപ്പ്- നവീകരണ ചെലവുകൾ | 10569737 | പത്രിക I-12 ( B) പ്രകാരം |
| ആകെ തനതു ഫണ്ട് ചെലവുകൾ | 4,67,80,196 | |
| ആകെ റവന്യൂ മിച്ചം | (-) 25,17,354 | 44262842 - 46780196 |

റവന്യൂ മിച്ചമായി യാതൊരു തുകയും ശേഷിക്കാതിരിക്കെ കോടിക്കണക്കിനു രൂപയാണ് 2020-21 വാർഷിക പദ്ധതിയിൽ തനതു ഫണ്ട് വിഹിതമായി നഗരസഭ വകയിരുത്തിയത്. സമാനമായ മുൻവർഷങ്ങളിലും തുടർന്നുള്ള വർഷങ്ങളിലും നടത്തിയിട്ടുള്ളത്. റവന്യൂ കമ്മി നിലനിൽക്കുന്നതിനാൽ വർഷാവസാനം പ്രോജക്ടുകൾ പൂർത്തീകരിക്കുന്ന വേളയിൽ, ബാങ്ക്/ ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള ഋണബാധ്യതാ തുകകൾ (പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, ഷോപ്പിംഗ് കോംപ്ലക്സ് സെക്യൂരിറ്റി നിക്ഷേപം, മറ്റു സിവിൽ നിക്ഷേപങ്ങൾ തുടങ്ങിയവ ) വകമാറ്റി ചെലവഴിച്ചാണ് തത്കാലം കാര്യനിർവഹണം നടത്തിപ്പോരുന്നത്. ഇത്തരത്തിലുള്ള തനതു ഫണ്ട് വിനിയോഗം നഗരസഭയെ ഗുരുതര സാമ്പത്തിക പ്രതിസന്ധിയിലേക്കാണ് എത്തിച്ചിട്ടുള്ളത്. നികുതി പിരിവിലെ പുരോഗതിയില്ലായ്മ ഇതിന്റെ ആക്കം കൂട്ടിയിട്ടുണ്ട്.

വർഷം തോറും വൻതോതിൽ തനതു ഫണ്ട് വകയിരുത്തി ആസൂത്രണം ചെയ്യുന്ന പ്രോജക്ടുകൾക്ക് പണം കണ്ടെത്താൻ കഴിയാതെ വരുമ്പോൾ സ്പിൽ ഓവറിൽ ഉൾപ്പെടുത്തുകയും അതിനുശേഷം പദ്ധതി മാർഗരേഖയുടെ മേൽപരാമർശിച്ച 5.1.5 ഖണ്ഡികയിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി വികസന ഫണ്ട് /ആസ്തി പരിപാലന ഗ്രാന്റ് വിഹിതം വകയിരുത്തി കരാറുകാർക്കും വിതരണക്കാർക്കും പ്രതിഫലം നൽകുന്ന രീതി അനുവർത്തിക്കുന്നു. തന്മൂലം രണ്ടു വിപത്തുകളാണ് സംഭവിക്കുന്നത്. സർക്കാർ ഗ്രാന്റിനത്തിൽ ലഭ്യമാകുന്ന തുക മേൽ സൂചിപ്പിച്ച സ്പിൽ ഓവർ പ്രോജക്ടുകൾക്കുവേണ്ടി വകയിരുത്തുന്നതുമൂലം നൂതനമായി പ്രോജക്ടുകൾ ആസൂത്രണം ചെയ്യുന്നതിനു ഫണ്ട് കണ്ടെത്താൻ കഴിയാതെ വരുന്നതാണ് ഒരു അപകടം. തനതു ഫണ്ടും സർക്കാർ ഗ്രാന്റുകളും ആനുപാതികമായി വകയിരുത്തി ആസൂത്രണം ചെയ്യുന്ന പ്രോജക്ടുകളുടെ സർക്കാർ ഗ്രാന്റു വിഹിതം വിനിയോഗിച്ച ശേഷം തനതു ഫണ്ടിന്റെ ലഭ്യതയില്ലായ്മ മുൻനിർത്തി പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിക്കുന്നതാണ് രണ്ടാമത്തെയും ഏറ്റവും ഗൗരവമുള്ളതുമായ ദുരവസ്ഥ. വേണ്ടത്ര പഠനം നടത്താതെ, ഉൾക്കാഴ്ചയില്ലാതെ, അശാസ്ത്രീയമായി തനതു ഫണ്ട് വകയിരുത്തിയതിന്റെയും അതിന്റെ പരിണിത ഫലത്തിന്റെയും ചില കണക്കുകൾ ചുവടെ ചേർക്കുന്നു.

2017-18 മുതൽ 2021-22 വരെയുള്ള തനതു ഫണ്ട് വകയിരുത്തൽ -ചെലവു വിശദാംശങ്ങൾ(സുലേഖയിൽ ക്രോഡീകരിച്ച പദ്ധതി കണക്കുകൾ പ്രകാരമുള്ളത്)

| സാമ്പത്തിക വർഷം | വകയിരുത്തൽ | ചെലവ് | ശതമാനം |
|---|---|---|---|
| 2017-18 | 32006901 | 14313930 | 44 |
| 2018-19 | 114094794 | 18933134 | 16.5 |
| 2019-20 | 126142507 | 13338295 | 10.6 |
| 2020-21 | 128577282 | 2702725 | 2.1 |
| 2021-22 | 147385771 | 36508607 | 24.7 |

വകയിരുത്തിയ തുകയുടെ കേവലം 25 ശതമാനം പോലും 13-ാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ ഒരിക്കൽ പോലും വിനിയോഗിക്കാൻ കഴിഞ്ഞില്ലായെന്ന വസ്തുത പ്രത്യേകം കാണേണ്ടതാണ്.

2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും തനതു ഫണ്ട് ലഭ്യതയില്ലായ്മ മൂലം സ്പിൽ ഓവറാവുകയും തുടർന്ന് 2022-23-ൽ ഉപേക്ഷിക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരങ്ങൾ

| | |
|---|---|
| ആകെ ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ | 70 |
| വകയിരുത്തിയ തനതു ഫണ്ട് വിഹിതം | 3,00,0,821 |

റോഡ് നിർമാണ/നവീകരണ പ്രവൃത്തികളാണ് ഉപേക്ഷിച്ചവയിൽ ഭൂരിപക്ഷവും. ബാക്കിയുള്ളവ കെട്ടിടനിർമാണ പ്രവൃത്തികളാണെങ്കിലും നിർവഹണ ഘട്ടത്തിലേക്ക് കടന്നിട്ടില്ല. റോഡ് പ്രവൃത്തികൾക്കായി വിവിധ ഫണ്ടുകൾ സംയോജിപ്പിച്ച് പ്രോജക്ട് തയ്യാറാക്കുകയും, തനതു ഫണ്ടിതര തുകകൾക്ക് ആനുപാതികമായ ദൈർഘ്യത്തിൽ വേല പൂർത്തീകരിച്ച്, അതിന് പാർട് ബിൽ തയ്യാറാക്കി തുക അനുവദിച്ച്, കരാർ അവസാനിപ്പിക്കുകയുമാണ് മിക്ക പ്രോജക്ടുകളിലും ഉണ്ടായിട്ടുള്ളത്. തൻവർഷം എസ്റ്റിമേറ്റ് അനുസരിച്ച് പൂർത്തീകരിക്കപ്പെട്ട പ്രോജക്ടുകൾ പലതിന്റെയും പ്രതിഫലം തനതു ഫണ്ടിന്റെ അപര്യാപ്തത മൂലം ഇനിയും കൊടുത്തു തീർക്കാൻ ശേഷിക്കുന്നതായി അധികൃതർ അറിയിച്ചിട്ടുണ്ട്. സമയബന്ധിതമായി തുക ലഭിക്കാതെ വരുന്ന സാഹചര്യം കരാറുകാർക്ക് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുകയും കോടതി വ്യവഹാരം പോലുള്ള നടപടികളിലേക്ക് കടക്കാൻ നിർബന്ധിതരാക്കാനുമിടയുണ്ട്. ഇത്തരം അവസരങ്ങളിൽ പലിശയടക്കം പ്രതിഫലം അനുവദിക്കേണ്ടി വരുമെന്നത് തർക്കത്തിനിട നൽകാത്ത വസ്തുതയാണ്. ദീർഘവീക്ഷണമില്ലായ്മ മൂലം കോടതി വിമർശനവും കോടതിയലക്ഷ്യവും നേരിടേണ്ടി വരുന്ന സാഹചര്യം വികസന – ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി താഴെ തട്ടിൽ രൂപീകൃതമായ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒട്ടുംതന്നെ ശോഭ നൽകുന്ന കാര്യമല്ല.

അയഥാർത്ഥമായ സംഖ്യകൾ റവന്യൂമിച്ചമായി സങ്കല്പിച്ച് വാർഷികപദ്ധതിക്കു വകയിരുത്തിയതാണ് ഗുരുതരമായ ഈ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും ശമ്പളം, ഓണറേറിയം, ബത്തകൾ എന്നിവ ഇതിനോടകം പരിഷ്കരിച്ചതും വെള്ളക്കരം, വൈദ്യുതി ചാർജ് തുടങ്ങിയ ആവർത്തനച്ചെലവുകളുടെ നിരക്കുകൾ വർദ്ധിച്ചതും പ്രസ്തുത പ്രതിസന്ധി നടപ്പു സാമ്പത്തികവർഷം രൂക്ഷമാകാനുമുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റിയെ കടക്കെണിയിലാക്കുന്ന തരത്തിൽ സാങ്കല്പിക സംഖ്യകൾ വാർഷിക പദ്ധതികൾക്കു വകയിരുത്തുന്ന പ്രവണത കർശനമായി ഒഴിവാക്കുന്നതിനായി വിഷയം ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ അടിയന്തിരശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 കേരള സ്റ്റേറ്റ് ഐറ്റി മിഷന് തുക കൈമാറിയെങ്കിലും കമ്പ്യൂട്ടർ പ്രിന്റർ,ലാപ്ടോപ്പ് എന്നിവ ഇതുവരെ ലഭ്യമായില്ല

സെക്രട്ടറി നടപ്പാക്കിയ പദ്ധതി ഫയലുകൾ ഓഡിറ്റിന് സമയബന്ധിതമായി ഹാജരാക്കാത്തതിനാൽ ഓഡിറ്റ് റിക്വസിഷൻ നല്കിയപ്പോൾ ലഭ്യമാക്കിയ ചുവടെ ചേർക്കുന്ന പദ്ധതി ഫയലുകളിൽ കേരള സ്റ്റേറ്റ് ഐ.റ്റി മിഷന് തുക കൈമാറിയതായുള്ള ബിൽ പകർപ്പുകൾ മാത്രമാണുള്ളത്.

| ക്രമ നമ്പർ | പദ്ധതി, നമ്പർ | ചെലവ് തുക(₹) |
|---|---|---|
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്(244/21) | 217832 |

| | | |
|---|---|---|
| 2 | നഗരസഭാ കാര്യാലയത്തിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ (253/21) | 242999 |
| 3 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്(245/21) | 54458 |
| 4 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്(20/21) | 181624 |
| 5 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്(21/21) | 54458 |
| 6 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ (43/21) | 302558 |

ഗുണഭോക്താക്കളുടെ സംഗതിയിൽ യോഗ്യതാ സാക്ഷ്യപത്രങ്ങൾ, കമ്പ്യൂട്ടർ പ്രിന്റർ, ലാപ്ടോപ്പ് എന്നിവ വാങ്ങിയതിന്റെ ബിൽ, സ്റ്റോക്ക്-വിതരണ-കൈപ്പറ്റ് വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-25 കൊച്ചുതോവാള എസ്.സി കോളനി ഓട നിർമ്മാണം അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 172/20-21 |
| അടങ്കൽ | ₹1500000/- (വികസന ഫണ്ട്) |
| കോൺട്രാക്ടർ | ശ്രീ.ജോസഫ് വർക്കി |
| കരാർ നമ്പർ | 85/AE/LSGD/KTPM/19-20 Dt 06.03.2020 |
| ബിൽ റഫറൻസ് നമ്പർ/തിയതി/തുക | 500408578 /10.08.2020 ₹ 998678/- |
| എം. ബുക്ക് നമ്പർ | 31/20-21 |

കൊച്ചുതോവാള എസ്.സി കോളനി ഓട നിർമ്മാണത്തിനായുള്ള പ്രോജക്ടിൽ സംരക്ഷണഭിത്തി, നടപ്പാത, ഹാൻഡ്റെയിൽ എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. എം.ബുക്ക് നമ്പർ 31/20-21 പേജ് നംമ്പർ 13 ലെ ഇനം നമ്പർ 4.1 പ്രകാരമുള്ള ഹാൻഡ് ഡ്രെയിൽ എന്ന സ്റ്റീൽ പ്രവൃത്തിക്ക് 2016 Price ലെ 50.10.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള Steel Work Inbuilt Up GI Tubular (Round.square Or Rectangular Hollow Tubesetc) Trusses Etc Including Cutting ,Hoisting,fixing In Position And Applaying A Priming Coat Of Approved Steel Primer, Including Welding And Boltedwith Special Shaped Washers Etc Complete എന്ന ഇനത്തിന്റെ നിരക്കായ ₹148.93/കിലോ.ഗ്രാം ആണ് നൽകിയിരിക്കുന്നത്. എന്നാൽ പ്രസ്തുത ഇനത്തിന് പ്രൈസിലെ 10.25.2 സ്പെസിഫിക്കേഷൻ പ്രകാരമുള്ള (Steel Work For Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Works) നിരക്കായ ₹127.82/കി.ഗ്രാം ആണ് നൽകേണ്ടിയിരുന്നത്. അധികം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഉപയോഗിച്ച സ്റ്റീലിന്റെ അളവ് / കി.ഗ്രാം | നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|
| Hand Rail | 454.405 | 148.93/കി.ഗ്രാം =67674.54 | 127.82/കി.ഗ്രാം =58082 | 9593 |

അധികം നൽകിയ തുകയുടെ വിവരം

| | നൽകിയത് ₹ | നൽകാവുന്നത് ₹ | അധികം നൽകിയത് ₹ |
|---|---|---|---|
| ജി.എസ്.ടി ഉൾപ്പെടെ ആകെ പ്രവൃത്തി മൂല്യം | 998678 | 998678 | |
| ജി.എസ്.ടി ഒഴികെ ആകെ പ്രവൃത്തി മൂല്യം | 891677 | 891677 | |

| | | | |
|---|---|---|---|
| കുറയ്ക്കുക - അധികം നൽകിയത് | | 9593 | |
| ആകെ പ്രവൃത്തി മൂല്യം | 891677 | 882084 | |
| കൂട്ടുക ജി.എസ്.ടി-12% | 107001 | 105850 | |
| ജി.എസ്.ടി ഉൾപ്പെടെ ആകെ പ്രവൃത്തി മൂല്യം | 998678 | 987934 | |
| കുറയ്ക്കുക- ആദായ നികുതി-1% | 9987 | 9879 | 108 |
| കുറയ്ക്കുക നി.തൊ.ക്ഷേമനിധി 1% | 9987 | 9879 | 108 |
| ജി.എസ്.ടി 2% | 19974 | 19758 | 216 |
| കരാറുകാരൻ | 958730 | 948418 | 10312 |
| ആകെ | | | 10744 |

കരാറുകാരന് അധികം നൽകിയ ₹10312/-യും ആദായ നികുതി (108), നി.തൊ.ക്ഷേമനിധി (108), ജി എസ് ടി (216) ഇനങ്ങളിൽ അധികം നൽകിയ ₹ 432/-യും ചേർത്ത് ആകെ ₹ 10744/- അധികം ചെലവഴിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ഖണ്ഡിക 3-2ൽ ഉൾപ്പെടുത്തുന്നു.

1-26 ജൈവവള വിതരണം അനുവദനീയമല്ലാത്ത ഇനത്തിന് ജി.എസ്.ടി അനുവദിച്ചു നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 27/20-21 |
| അടങ്കൽ | ₹44,20,000 /-<br>₹22,10,000/-( വികസന ഫണ്ട് -പൊതു വിഭാഗം)<br>₹22,10,000/- (മറ്റുള്ളവ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫിസർ |
| ബിൽ റഫറൻസ് നമ്പർ/തിയതി തുക | 701436512/30.03.2021-<br>₹22,10,000/- വികസന ഫണ്ട് |
| ഗുണഭോക്തൃ വിഹിതം | ₹7,37,180/- |

2020-21 വർഷത്തിൽ നഗരസഭയുടെ പരിധിയിലുള്ള കർഷകർക്ക് വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി പ്രകാരം 1189 കർഷകർക്ക് 80 കിലോ ഗ്രാം വീതം 95120 കിലോ ഗ്രാം വേപ്പിൻ പിണ്ണാക്ക് കട്ടപ്പന സർവീസ് സഹകരണ ബാങ്ക് മുഖേന കർഷകർക്ക് വിതരണം ചെയ്തിരിക്കുന്നു. സ.ഉ (കൈ) നം.22/2018/തസ്വഭവ തിയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.6.1.1 (എ) പ്രകാരം ജൈവ വളങ്ങൾ സ്വന്തമായി ഉൽപ്പാദിപ്പിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നു മാത്രമേ ടെണ്ടർ നടപടി സ്വീകരിക്കാതെ വാങ്ങൽ നടത്തുവാൻ അനുവാദമുള്ളൂ. ഇത്തരത്തിൽ ലഭ്യമല്ലാത്തപ്പോൾ ലോക്കൽ പർച്ചേയ്സ് നടത്താവുന്നതാണ്. സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന വളങ്ങൾ കൃഷി ഓഫിസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ

കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണെന്നുള്ള നിർദ്ദേശം പാലിക്കാതെ ജൈവ വളം സ്വന്തം ഉൽപ്പാദിപ്പിക്കാതെ, പുറമെ നിന്ന് വാങ്ങി വിതരണം ചെയ്യുന്ന കട്ടപ്പന സർവീസ് സഹകരണ ബാങ്കിനെ വളം വിതരണം നടത്തുന്നതിനായി ഏൽപ്പിച്ച നടപടി ക്രമവിരുദ്ധമാണ്. ജൈവ വളം വിതരണം നടത്തിയതിന് ജി.എസ്.ടി ബിൽ ഹാജരാക്കാതെ സഹകരണ സംഘത്തിന്റെ ലെറ്റർപാടിലാണ് വില ചീട്ട് നൽകിയിരിക്കുന്നത്. വില ചീട്ടിൽ ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ ഇല്ലാത്തതിനാൽ ഈടാക്കിയ നികുതി, ജി.എസ്.ടി.വകുപ്പിൽ അടവാക്കിയിട്ടില്ല എന്ന് വിലയിരുത്തുന്നു.

GST-HSN കോഡ് 3101 പ്രകാരം ബ്രാൻഡ് പേര് ഉൾപ്പെടുത്തി യൂണിറ്റ് കണ്ടെയ്നറിലുള്ള ജൈവ വളങ്ങൾക്ക് മാത്രമേ 5% നിരക്കിൽ ജി.എസ്.ടി ഈടാക്കാനാവുമെന്നിരിക്കെ (ബ്രാൻഡ് പേര് ഇല്ലാത്ത ജൈവ വളം-0% ജി.എസ്.ടി) സ്വന്തമായി ഉൽപ്പാദിപ്പിക്കാത്ത, ബ്രാൻഡ് പേര് ഇല്ലാത്ത, ജി.എസ്.ടി ബിൽ ലഭ്യമാക്കാത്ത വളത്തിന് 5% നിരക്കിൽ ജി.എസ്.ടി അനുവദിച്ച് നൽകിയ നടപടി അംഗീകരിക്കുന്നില്ല.

സഹകരണ ബാങ്ക് ഈടാക്കിയ ജി.എസ്.ടി യുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഈടാക്കിയ ജി.എസ്.ടി നിരക്ക് | ഈടാക്കിയ തുക ₹ |
|---|---|---|
| CGST | 2.5 % | 70207.625 |
| SGST | 2.5 % | 70207.625 |
| ആകെ തുക₹ | | 140415.25 |

അപാകതകൾക്ക് വിശദികരണം നൽകണമെന്നുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.1/17.5.22) നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫിസർ ശ്രീമതി. ബോൺസി ജോസഫ് നൽകിയ മറുപടിയിൽ ജൈവ വളം വിതരണം കട്ടപ്പന സഹകരണ ബാങ്കിനെ ഏൽപ്പിച്ചത് 12.08.2020 ലെ നഗരസഭ കമ്മിറ്റിയുടെ 34 ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിച്ചിരിക്കുന്നു. ജി.എസ്.ടി ഇനത്തിലെ തുക അനുവദിച്ചിലെ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ജി.എസ്.ടി ഇനത്തിലെ നഷ്ട തുക ₹140415/- സഹകരണ ബാങ്കിൽ നിന്നും തിരികെ ഈടാക്കോണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്. ഖണ്ഡിക 3-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജൈവവള വിതരണം അനുവദനീയമല്ലാത്ത ഇനത്തിന് ജി.എസ്.ടി അനുവദിച്ച് നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 27/20-21 |
| അടങ്കൽ | ₹44,20,000 /-<br>₹22,10,000/-( വികസന ഫണ്ട് -പൊതു വിഭാഗം)<br>₹22,10,000/- (മറ്റുള്ളവ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ബിൽ റഫറൻസ്<br>നമ്പർ/തിയതി<br>തുക | 701436512/30.03.2021-<br>₹22,10,000/- |

2020-21 വർഷത്തിൽ നഗരസഭയുടെ പരിധിയിലുള്ള കർഷകർക്ക് വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി പ്രകാരം 1189 കർഷകർക്ക് 80 കിലോ ഗ്രാം വീതം 95120 കിലോ ഗ്രാം വേപ്പിൻ പിണ്ണാക്ക് കട്ടപ്പന സർവീസ് സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്തിരിക്കുന്നു. സ.ഉ (കൈ) നം.22/2018/ തസ്വഭവ തിയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.6.1.1 (എ) പ്രകാരം ജൈവ വളങ്ങൾ സ്വന്തമായി ഉൽപ്പാദിപ്പിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നു ടെണ്ടർ നടപടി സ്വീകരിക്കാതെ വാങ്ങൽ നടത്താവുന്നതാണ്. ഇത്തരത്തിൽ ലഭ്യമല്ലാത്തപ്പോൾ ലോക്കൽ പർച്ചേയ്സ് നടത്താവുന്നതാണ്. സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന വളങ്ങൾ കൃഷി ഓഫിസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണെന്നുള്ള നിർദ്ദേശം പാലിക്കാതെ ജൈവ വളം സ്വന്തമായി ഉൽപ്പാദിപ്പിക്കാതെ പുറമെ നിന്ന് വാങ്ങി വിതരണം ചെയ്യുന്ന കട്ടപ്പന സർവീസ് സഹകരണ ബാങ്കിനെ വളം വിതരണം നടത്തുന്നതിനായി ഏൽപ്പിച്ച നടപടി ക്രമവിരുദ്ധമാണ്.

ജൈവ വളം വിതരണം നടത്തിയതിന് ജി.എസ്.ടി ബിൽ ഹാജരാക്കാതെ സഹകരണ സംഘത്തിന്റെ ലെറ്റർപാഡിൽ വില ചീട്ടാണ് നൽകിയിരിക്കുന്നത്. GST-HSN കോഡ് 3101 പ്രകാരം ബ്രാൻഡ് പേര് ഉൾപ്പെടുത്തി യൂണിറ്റ് കണ്ടെയ്നറിലുള്ള ജൈവ വളങ്ങൾക്ക് മാത്രമേ 5% നിരക്കിൽ ജി.എസ്.ടി ഈടാക്കാനാവൂ . ബ്രാൻഡ് പേര് ഇല്ലാത്ത ജൈവ വളത്തിന് ജി.എസ്.ടി ബാധകമല്ല. സ്വന്തമായി ഉൽപ്പാദിപ്പിക്കാത്തതും ബ്രാൻഡ് പേര് ഇല്ലാത്തതും ജി.എസ്.ടി ബിൽ ലഭ്യമാക്കാത്തതുമായ വളത്തിന് 5% നിരക്കിൽ ജി.എസ്.ടി അനുവദിച്ച് നൽകിയ നടപടി അംഗികരിക്കുന്നില്ല.

സഹകരണ ബാങ്ക് ഈടാക്കിയ ജി.എസ്.ടി യുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഈടാക്കിയ ജി.എസ്.ടി നിരക്ക് | ഈടാക്കിയ തുക ₹ |
|---|---|---|
| CGST | 2.5 % | 70207.625 |
| SGST | 2.5 % | 70207.625 |
| ആകെ തുക₹ | | 140415.25 |

അപാകതകൾക്ക് വിശദീകരണം നൽകണമെന്നുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 1/17.5.22- ന് നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫിസർ ശ്രീമതി ബോൻസി ജോസഫ് നൽകിയ മറുപടിയിൽ ജൈവ വളം വിതരണം കട്ടപ്പന സഹകരണ ബാങ്കിനെ ഏൽപ്പിച്ചത് 12.08.2020 ലെ നഗരസഭ കമ്മിറ്റിയുടെ 34-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിച്ചിരിക്കുന്നു. ജി.എസ്.ടി ഇനത്തിലെ തുക അനുവദിച്ചതിലെ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി ഇനത്തിൽ കട്ടപ്പന സഹകരണ ബാങ്കിന് നൽകിയ ₹140415/- സഹകരണ ബാങ്കിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

### 3-2 കൊച്ചുതോവാള എസ്.സി കോളനി ഓട നിർമ്മാണം അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 172/20-21 |
| അടങ്കൽ | ₹1500000/- (വികസന ഫണ്ട്) |
| കോൺട്രാക്ടർ | ശ്രീ.ജോസഫ് വർക്കി |
| കരാർ നമ്പർ | 85/AE/LSGD/ KTPM/19-20 Dt 06.03.2020 |
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക | 500408578 /10.08.2020<br>₹998678/- |
| എം ബുക്ക് നമ്പർ | 31/20-21 |

കൊച്ചുതോവാള എസ്.സി കോളനി ഓട നിർമ്മാണത്തിനായുള്ള പ്രോജക്ടിൽ സംരക്ഷണഭിത്തി, നടപ്പാത, ഹാൻഡ്റെയിൽ എന്നി ഇനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. എം ബുക്ക് നംമ്പർ 31/20-21 പേജ് നംമ്പർ 13 ലെ ഇനം നംമ്പർ 4.1 പ്രകാരമുള്ള ഹാൻഡ് ഡ്രെയിൽ എന്ന സ്റ്റീൽ പ്രവൃത്തിക്ക് 2016 Price ലെ 50.10.1

സ്പെസിഫിക്കേഷൻ പ്രകാരമുള്ള Steel Work Inbuilt Up GI Tubular (Round.square Or Rectangular Hollow Tubesetc) Trusses Etc Including Cutting ,Hoisting,fixing In Position And Applaying A Priming Coat Of Approved Steel Primer,including Welding And Boltedwith Special Shaped Washers Etc Complete എന്ന ഇനത്തിന്റെ നിരക്കായ ₹148.93/കിലോ.ഗ്രാം ആണ് നൽകിയിരിക്കുന്നത്. എന്നാൽ പ്രസ്തുത ഇനത്തിന് പ്രൈസിലെ 10.25.2 സ്പെസിഫിക്കേഷൻ പ്രകാരമുള്ള (Steel Work For Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Works) നിരക്കായ ₹127.82/കി.ഗ്രാം ആണ് നൽകേണ്ടിയിരുന്നത്. അധികം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഉപയോഗിച്ച സ്റ്റീലിന്റെ അളവ് / കി.ഗ്രാം | നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|
| Hand Rail | 454.405 | 148.93/കി.ഗ്രാം =67674.54 | 127.82/കി.ഗ്രാം =58082 | 9593 |

അധികം നൽകിയ തുകയുടെ വിവരം

| | നൽകിയത് ₹ | നൽകാവുന്നത് ₹ | അധികം നൽകിയത് ₹ |
|---|---|---|---|
| ജി.എസ്.ടി ഉൾപ്പെടെ ആകെ പ്രവൃത്തി മൂല്യം | 998678 | 998678 | |
| ജി.എസ്.ടി ഒഴികെ ആകെ പ്രവൃത്തി മൂല്യം | 891677 | 891677 | |
| കുറയ്ക്കുക - അധികം നൽകിയത് | | 9593 | |
| ആകെ പ്രവൃത്തി മൂല്യം | 891677 | 882084 | |
| കൂട്ടുക ജി.എസ്.ടി-12% | 107001 | 105850 | |
| ജി.എസ്.ടി ഉൾപ്പെടെ ആകെ പ്രവൃത്തി മൂല്യം | 998678 | 987934 | |
| കുറയ്ക്കുക- ആദായ നികുതി-1% | 9987 | 9879 | 108 |
| കുറയ്ക്കുക നി.തൊ.ക്ഷേമനിധി 1% | 9987 | 9879 | 108 |
| ജി.എസ്.ടി 2% | 19974 | 19758 | 216 |
| കരാറുകാരൻ | 958730 | 948418 | 10312 |
| | | | 10744 |

കരാറുകാരന് അധികം നൽകിയ ₹10312/-യും ആദായ നികുതി (108/-), നി.തൊ.ക്ഷേമനിധി (108/-), ജി എസ് ടി (216/-) ഇനങ്ങളിൽ അധികം നൽകിയ ₹432/-യും ചേർത്ത് ആകെ ₹ 10744/- അധികം ചെലവഴിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.14/19.05.2022)മറുപടിയിൽ അധികം നൽകിയ തുക തിരികെ അടവാക്കാമെന്ന് അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനൊപ്പം പരിശോധിച്ച | - |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| അസി. എൻജിനിയർ KSEB ഇലക്ട്രിക്കൽ സെക്ഷൻ കട്ടപ്പന | പത്താം വാർഡ് ഈയപ്പാട്ടുകടി കുടിവെള്ള പദ്ധതി | 160917 തീ:23.06.2020 | 110663 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | ലഭ്യമല്ല |
| | പതിനാറാം വാർഡ് കർണമംഗലം കുടിവെള്ള പദ്ധതി | 2160882 തീ:11.05.2020 | 6222 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | ലഭ്യമല്ല |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല.

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി/വായ്പ തുക ₹ | ലഭിച്ച വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ (ബാലൻസ് ഷീറ്റ് ബി5- പത്രിക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | (പ്രകാരം) |
| ഹഡ്കോ (പി.എം. എ.വൈ) | ജി.ഒ (എം.എസ് ) നം.2278/2018 തസ്വഭവ തീ.18.08.2018 ₹ | 165600000 | 159466667 | 0 | 14493517 (സ്രോതസ്സിൽ നിന്നും കുറച്ചത്) | 0 | 144973150 |
| ജവഹർ ഭവന പദ്ധതി | ജി.ഒ. (എം.എസ്) നം.1577/15/ തസ്വഭവ/ തീ.27.05.2015 ₹2,50,00,000/- | 16640000 | 10155602 | 0 | 2225334 | 74666 | 7930268 |
| മുനിസിപ്പാലിറ്റി ഓഫീസ് നിർമ്മാണം കെ.യു. ആർ.ഡി എഫ്.സി | ജി.ഒ. (എം.എസ്) നം.1407/2014/ തസ്വഭവ/ തീ.05.06.2014 ₹2,00,00,000/- ; ജി.ഒ. (എം.എസ്) നം.2463/2015/ തസ്വഭവ/ തീ.10.08.2015 ₹2,50,00,000/- | 368335008 | 16598001 | 0 | 5478580 | 1596960 | 11119421 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| തൻ വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹295530 |
| പലിശ വരവ് | ഇല്ല |
| തൻ വർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ₹295530 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹295530 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം</u>

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപ തീയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | എച്ച്.ഡി.എഫ്.സി. | 15.07.2019 | 12 മാസം 17 ദിവസം | 295530 | - |

സ്ഥിരനിക്ഷേപം സമയാസമയങ്ങളിൽ പുതുക്കുന്നില്ല എന്ന് കാണുന്നു. സ്ഥിര നിക്ഷേപം പലിശസഹിതം പുതുക്കി നഗരസഭയുടെ ആസ്തി കൂട്ടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹41,230/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ | രസീത് |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക ₹ | ആളുടെ പേരും ഉദ്യോഗപ്പേരും | നമ്പർ തീയതി |
|---|---|---|---|---|
| 2012-13 | 3-1 | 5890 | ശ്രീ. ബിനു കേശവൻ വാർഡ് കൗൺസിലർ | 120020106777/ 03-11-2020 |
| | | 5890 | ശ്രീമതി ബിന്ദുലതാ രാജു വാർഡ് കൗൺസിലർ | 120020106968/ 09-11-2020 |
| | | 5890 | ശ്രീ. ഗിരീഷ് ദാമോധര പണിക്കർ വാർഡ് കൗൺസിലർ | - |
| | | 5890 | ശ്രീ തോമസ് മൈക്കിൾ വാർഡ് കൗൺസിലർ | 120020107116/ 11-11-2020 |
| | | 5890 | ശ്രീ. ഷാജി കുത്തോടിയിൽ വാർഡ് കൗൺസിലർ | 120020107151/ 11-11-2020 |
| | | 5890 | ശ്രീമതി ജയശ്രീ ഷൈൻ വാർഡ് കൗൺസിലർ | 120020107648/ 18-11-2020 |
| | | 5890 | ശ്രീമതി മേരിക്കുട്ടി ജോസഫ് വാർഡ് കൗൺസിലർ | 120020108136/ 27-11-2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹50684866 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹213576947 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹189497328 |
| നീക്കിയിരിപ്പ് | ₹74764485 |
| വരവിനങ്ങളിലുള്ള നഷ്ടം | -ഇല്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹150727 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹7955310 |

(ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 140415 | ശ്രീമതി ബോൻസി ജോസഫ്, കൃഷി ഓഫീസർ |
| 3-2 | | 10312 | ശ്രീ. ലിജിൻ രാജീവ്, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| ആകെ | | 150727 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-16 | എ | 2580576 | ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി |
| | ബി | 950000 | ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി |
| | സി | 4270000 | ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി |
| 1-17 | | 121839 | ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി |
| 1-21 | | 32895 | ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി |
| ആകെ | | 7955310 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക ₹ | സ്ഥാപനം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | 108 | ആദായ നികുതി | ശ്രീ.ലിജിൻ രാജീവ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 108 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി | ശ്രീ.ലിജിൻ രാജീവ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 216 | ജി.എസ്.റ്റി | ശ്രീ.ലിജിൻ രാജീവ്, അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ലിജിൻ രാജീവ്.അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കട്ടപ്പന നഗരസഭ | അനഘ<br>സി ആർ എ 338<br>ചൂഴംപാല<br>മുക്കോല പി ഒ തിരുവനന്തപുരം |
| ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ സെക്രട്ടറി | - | കുന്നേൽ വീട്, പഴശ്ശി, ഉഴവഞ്ചാൽ ചാവശ്ശേരി കണ്ണൂർ 670702 |
| ശ്രീമതി ബോൺസി ജോസഫ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പാമ്പാടുംപാറ | കയ്യുണ്ണ്യപറമ്പിൽ, കൽക്കുന്തൽ, വലിയതോവാള,ഇരട്ടയാർ, ഇടുക്കി ജില്ല |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 1.11.2015 മുതൽ 31.3.2016 വരെ | നം.കെ.എസ്.എ.ഐ.ഡി.കെ.4/1202/2016 തീയതി. 3.9.2016 | 3 | 2-1, 3-1, 3-2 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ.4/1279/2017 തീയതി. 03.10.2017 | 14 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8,<br>3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2017-18 | നം.കെ.എസ്.എ.ഐ.ഡി.കെ.4/1599/2019 തീയതി. 26.03.2019 | 22 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9<br>3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 3-13 |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-4/153 / 2020 | | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-3-, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48, 1-49, 1-50, 2-1, 2-2, 3-1 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-4/1001 /2021 തീ: 30.12.2021 | 58 | 1-1 മുതൽ 1-47, വരെ<br>4-1 മുതൽ 4-11 വരെ |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കട്ടപ്പന മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കട്ടപ്പന മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്